# മഴവില്ല്

## ഡിജിറ്റൽ മാഗസിൻ

2024

ലിറ്റിൽ കൈറ്റ്സ്

കുഞ്ഞിക്കുട്ടി തമ്പുരാട്ടി മെമ്മോറിയൽ ഗവ. ഗേൾസ് സ്കൂൾ

കൊടുങ്ങല്ലൂർ

# താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| ആമുഖം | 3 |
| ആശംസകൾ | 4 |
| കെകെടിഎംജിജിഎച്ച്എച്ച്എസ് കൊടുങ്ങല്ലൂർ | 5 |
| പ്രതീക്ഷ (കവിത) | 7 |
| പീച്ചി കാടിനെ അറിഞ്ഞ ഒരു ദിനം (ഓർമ്മക്കുറിപ്പ് ) | 7 |
| ലക്ഷ്മി വരച്ച ചിത്രങ്ങൾ | 8 |
| മനസ്സിന്റെ ആരോഗ്യം കുട്ടികളിൽ (ലേഖനം) | 9 |
| ഗാന്ധിയുടെ ജീവിതത്തിലൂടെ  (ലേഖനം) | 10 |
| ജലം ജീവാമൃത് (ലേഖനം) | 11 |
| 2018 ലെ വെള്ളപ്പൊക്കംവിറയാർന്ന ഓർമ്മകൾ | 12 |
| മനസ്സ് (കവിത) | 14 |
| ഷെമീമ വരച്ച ചിത്രം | 15 |
| എന്റെ വിദ്യാലയം (കവിത) | 16 |
| മഹത് വചനങ്ങൾ | 17 |
| മഷിത്തണ്ട് (കവിത) | 18 |
| വാർഷികങ്ങൾ | 19 |
| കലോത്സവം – മികവ് | 20 |
| ശാസ്ത്രോത്സവം – മികവ് | 21 |
| പിടിഎ – മികവ് | 22 |
| വാർത്തവായനക്കാരാവാൻ വാർത്താപ്പെട്ടി | 23 |
| റേഡിയോ പോഡ്കാസ്റ്റ് | 24 |
| എന്റെ പത്രം –കണ്ണാടി | 25 |

# ആമുഖം

ആകാശത്തിന്റെ ക്യാൻവാസിൽ, ഒരു മാസ്റ്റർപീസ്  പിറക്കുന്നു,
നിറങ്ങളുടെ പ്രസന്നതയിൽ, ഇതുവരെ പറയാത്ത ഒരു കഥ.
പ്രകൃതിയുടെ പ്രിസം പോലെ
ഒരു സിംഫണി പെയിന്റിംഗ് പോലെ, ഒരു കാലിഡോസ്കോപ്പിക്
സംഗീതമായി മഴത്തുള്ളികളാകുന്ന നിറമുള്ള കനവുകൾ വാക്കുകളാൽ
പെയ്തൊഴിയുന്നു.

ചുവപ്പ്, വികാരാധീനമായ നിറം,
ഓറഞ്ച് ഊഷ്മളവും ഇളം തിളക്കവും,
മഞ്ഞ, സൂര്യപ്രകാശം പോലെ,
നിഴലുകളെ തുരത്തുന്നു,
പച്ച പ്രകൃതിയുടെ ശാന്തമായ ഭംഗി
ശാന്തമായ അഭയം, ശാന്തമായ ശാന്തത.
നീല, വിശാലമായ തുറന്ന ആകാശത്തിന്റെ നിറം,
സ്വപ്നങ്ങളുടെ ഒരു ക്യാൻവാസ്, അവിടെ പ്രതീക്ഷകൾ പറന്നുയരുന്നു
ഇൻഡിഗോ സ്വപ്നങ്ങളിലേക്കുള്ള പാലം നെയ്യുന്നു,
വയലറ്റ് ഒരു രാജകീയ നിറം,
ഒരു രാജകീയ സമാപനം,
ആകാശത്തിന് ഒരു മഴവില്ലിന്റെ ആലിംഗനം,
ഒരു കാവ്യ നൃത്തം, പ്രകൃതിയുടെ മധുരമായ ആനന്ദം.

ഓരോ തുള്ളിയിലും, ഒരു കഥ വികസിക്കുന്നു,
കാവ്യാത്മകമായ ഒരു യാത്ര.
വായുവിൽ നെയ്തെടുത്ത,
പ്രകൃതിയുടെ ഒരു മാസ്റ്റർപീസ് പോലെ,
താരതമ്യത്തിനപ്പുറം ഈ മഴവില്ല്.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
ഈ മഴവില്ല് നിങ്ങൾക്കായി സമർപ്പിക്കുന്നു

കുഞ്ഞിക്കുട്ടി തമ്പുരാട്ടി മെമ്മോറിയൽ ഗവ ഗേൾസ് സ്കൂളിൽ ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനം മികച്ച രീതിയിൽ നടക്കുന്നതിൽ വളരെയധികം അഭിമാനിക്കുന്നു. കണ്ണാടിയും, വാർത്തപ്പെട്ടിയും, റേഡിയോ ഗേൾസും പോലെ നിരവധിയായ പ്രവർത്തനങ്ങളിൽ പ്രാധാന്യമുള്ളതാണ് ഡിജിറ്റൽ മാഗസിൻ നിർമ്മാണം. കുട്ടികളിലെ വിവിധ ശേഷികൾ കണ്ടെത്താനും വളർത്താനും പുതിയ സാങ്കേതിക വിദ്യയിലൂടെ അത് ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനാകുന്നതും വലിയ കാര്യമാണ്. ഇതിന് നമ്മുടെ കുട്ടികൾക്ക് കഴിയുന്ന എന്നതിൽ സന്തോഷം. ഈ ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.



ഷൈനി ആന്റോ
പ്രധാനാദ്ധ്യാപിക

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ മഴവില്ല് എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്ന കാര്യം അറിയാൻ സാധിച്ചു. പത്ര മേഖലയിൽ ഐ ടിയുടെ പുതിയ സാധ്യതകൾ തുറന്നിടുന്ന സ്ക്രൈബസ് എന്ന അപ്ലിക്കേഷൻ ഉപയോഗിക്കുന്നതിൽ നൈപുണി കൈവരിക്കാൻ ഈ പ്രവർത്തനം കൊണ്ട് കുട്ടികൾക്ക് സാധ്യമാകും. കുട്ടികളുടെയും അധ്യാപകരുടെയും കൃതികൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഈ മാഗസിന്റെ അണിയറ പ്രവർത്തകർക്ക് എല്ലാ ആശംസകളും നേരുന്നു.



നവാസ് പടുവിങ്ങൽ
പി ടി എ പ്രസിഡന്റ്

# കെ കെ ടി എം ജി ജി എച്ച് എസ്സ്

# കൊടുങ്ങല്ലൂർ



പുരാതന ഭാരത ചരിത്രത്തിലെ അതിപ്രധാന തുറമുഖ നഗരമായിരുന്ന മുസരിസ് ആണ് ഇന്നത്തെ കൊടുങ്ങല്ലൂർ. ആ കൊടുങ്ങല്ലൂരിന്റെ ഹൃദയസ്ഥാനത്ത് കൊടുങ്ങല്ലൂരിന്റെ പ്രശസ്തി വാനോളം ഉയർത്തുന്ന ഇന്ന് കുഞ്ഞുക്കുട്ടി തമ്പുരാട്ടി മെമ്മോറിയൽ ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ. പുരാതന ബുദ്ധമത കേന്ദ്രമായ, ചേരരാജവംശത്തിന്റെ തലസ്ഥാന നഗരമായ തിരുവഞ്ചിക്കുളം, ഭാരതത്തിലെ ആദ്യ മുസ്ലിം പള്ളിയായ ചേരമാൻ ജുമാ മസ്ജിദ്, സെന്റ് തോമാസ് കപ്പലിറങ്ങി എന്ന് വിശ്വസിക്കുന്ന അഴീക്കോട്, പോർട്ടുഗീസ്, ഡച്ച് ഭരണസിരാകേന്ദ്രമായിരുന്ന കോട്ടപ്പുറം കോട്ട... ഇങ്ങനെ ചരിത്ര പ്രധാനമായ ഒട്ടേറെ വസ്തുതകളുടെ നടുവിൽ അതിലേറെ ചരിത്ര പ്രധാനമുള്ള ഈ സ്കൂൾ തനത് സവിശേഷതകളോടെ തലയുയർത്തി നിൽക്കുന്നത്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വിനോദ സഞ്ചാരികളെയും വിശ്വാസികളെയും കൊടുങ്ങല്ലൂരിലേക്കാകർഷിക്കുന്ന ചരിത്രപ്രസിദ്ധമായ ഭരണി, താലപ്പൊലി മഹോത്സവങ്ങൾ കൊണ്ടാടുന്നത് ഈ വിദ്യാലയത്തിന് പരിസരത്ത് തന്നെയായതിനാൽ ഇവിടുത്തെ കുട്ടികൾ പുരാതന കൊടുങ്ങല്ലൂരിലെ ചരിത്രപരമായ ആചാരാനുഷ്ഠാനങ്ങളെ കുറിച്ച് നല്ല അറിവുള്ളവരാണ്


ക്രാങ്കന്നൂർ എലിമെന്ററി സ്കൂൾ എന്ന പേരിൽ 1896ൽ കൊടുങ്ങല്ലൂർ ശ്രീകുരുംബ ക്ഷേത്രത്തിന്റെ 'സത്രം ഹാൾ ' എന്നറിയപ്പെട്ടിരുന്ന കെട്ടിടത്തിൽ കൊച്ചി മഹാരാജാവ് ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായത്തോടെ കൊടുങ്ങല്ലൂരിലെ ഹൈന്ദവ വിഭാഗത്തിലെ കുട്ടികൾക്കായി സ്ഥാപിച്ച വിദ്യാലയമാണിത്. മലയാളം, ഇംഗ്ലീഷ് എന്നീ രണ്ട് വിഭാഗങ്ങളാണ് സത്രം ഹാളിലെ ഈ വിദ്യാലയത്തിലുണ്ടായിരുന്നത്. ഇംഗ്ലീഷ് മീഡിയത്തിലെ കുട്ടികൾക്ക് ഉയർന്ന ഫീസ് നൽകേണ്ടിയിരുന്നു. അതിനാൽ തന്നെ ആ വിഭാഗത്തിൽ സവർണ്ണ വിഭാഗത്തിലെ സമ്പന്ന വർഗ്ഗത്തിലെ കുട്ടികളാണ് പഠിച്ചിരുന്നത്. മലയാളം മീഡിയത്തിലെ കുട്ടികൾക്ക് ഫീസ് ഇളവ് അനുവദിച്ചിരുന്നു. പക്ഷേ കുട്ടികൾക്ക് മീഡിയം വ്യത്യാസമില്ലാതെ എല്ലാ വിഷയങ്ങളും പഠിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. മലയാളം, സംസ്കൃതം, ഇംഗ്ലീഷ്, കണക്ക്, സംഗീതം, ചിത്രരചന, കരകൗശലം ഇങ്ങനെ വ്യത്യസ്ത മേഖലയിൽ കുട്ടികൾക്ക് പഠനം നടന്നിരുന്നു. അധ്യാപകർ പലരും ഹൈന്ദവ സമൂഹത്തിന് ഉന്നതകുല കുടുംബങ്ങളിൽ നിന്നുള്ളവരായിരുന്നു. പിന്നീട് ഉണ്ടായ സാമൂഹിക മാറ്റങ്ങൾക്കനുസരിച്ച് എല്ലാ വിഭാഗത്തിലെയും കുട്ടികൾക്ക് സത്രം ഹാളിലെ ഈ വിദ്യാലയത്തിലേക്ക് പ്രവേശനം നൽകി. കൂടുതൽ കുട്ടികൾ വിദ്യാലയത്തിലേക്ക് പ്രവേശനം വന്നപ്പോൾ സത്രം ഹാളിലെ സ്ഥലം മതിയാകാതെ വന്നതിനെ ഉടർന്ന് 1925ൽ ഇന്ന് കാണുന്ന സ്ഥലത്തേക്ക് സ്കൂളിനെ മാറ്റി സ്ഥാപിച്ചു. ആ വർഷം തന്നെ എലിമെന്ററി സ്കൂൾ എന്നത് ഹൈ സ്കൂൾ ആയി ഉയർത്തുകയും ചെയ്തു. 1998-99 അധ്യയന വർഷത്തിൽ സ്കൂളിൽ

| |
|---|
| റവന്യൂ ജില്ല |
| തൃശ്ശൂർ |
| വിദ്യാഭ്യാസ ജില്ല |
| ഇരിഞ്ഞാലക്കുട |
| ഉപജില്ല |
| കൊടുങ്ങല്ലൂർ |
| പ്രധാനാദ്ധ്യാപിക |
| ഷൈനി ആന്റോ |
| പിടിഎ പ്രസിഡന്റ് |
| നവാസ് പടുവിങ്ങൽ |
| എംപിടിഎ പ്രസിഡന്റ് |
| രമ്യ |

ഹയർ സെക്കന്ററി വിഭാഗം കൂടി അനുവദിച്ചു. ഇന്ന് പഴയ സമ്പ്രദായങ്ങൾക്ക് ആകെ മാറ്റം വന്നുവെങ്കിലും സത്രം ഹാളിൽ ആരംഭിച്ച സമയത്ത് ഉണ്ടായിരുന്ന, പെൺകുട്ടികൾക്ക് മാത്രം എന്ന സ്ഥിതി നിലനിർത്തിപ്പോരുന്നു.

## വിദ്യാലയ പുനർനാമകരണം

കൊടുങ്ങല്ലൂരിലെ ജനങ്ങൾക്കിടയിൽ അന്ന് നിലനിന്നിരുന്ന അനാചാരങ്ങൾക്കും അസമത്വങ്ങൾക്കുമെതിരായി പോരാടി കേരള സമൂഹത്തിൽ പരക്കെത്തന്നെ പ്രശസ്തി നേടിയ മഹത് വ്യക്തിയാണ് കൊടുങ്ങല്ലൂർ ചിറക്കൽ കോവിലകത്തെ കുഞ്ഞിക്കുട്ടി തമ്പുരാട്ടി. കൊടുങ്ങല്ലൂരിന്റെ മക്കൾക്ക് അവർ നൽകിയ വിദ്യാഭ്യാസ സഹായങ്ങൾ വളരെ വലുതാണ്. കൊടുങ്ങല്ലൂരിലെ ഗവ. ബോയ്സ് സ്കൂളിൽ പഠനം പൂർത്തിയാക്കിയ അവർ പിൽക്കാലത്ത് കൊടുങ്ങല്ലൂരിന്റെ വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം നൽകി. ആ മഹത് വ്യക്തിയുടെ പേരിനാൽ ഗവ ഗേൾസ് സ്കൂൾ അറിയപ്പെടുന്നു. കുഞ്ഞിക്കുട്ടി തമ്പുരാട്ടി മെമ്മോറിയൽ ഗവ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ എന്ന പുതിയ നാമത്തിൽ ഈ വിദ്യാലയം അറിയപ്പെടുമ്പോൾ അതൊരു ചരിത്ര നിയോഗമായി. പകരം വെക്കാനില്ലാത്ത ഒരനുഭൂതിയുടെ ഭാഗമായി കൊടുങ്ങല്ലൂരിലെ ഓരോ വ്യക്തികളും നമ്മളും.



ഹൈസ്കൂൾ വിഭാഗത്തിൽ 569 കുട്ടികളാണ് പഠിക്കുന്നത്. 8-ാം ക്ലാസിൽ 176 ഉം 9, 10 ക്ലാസുകളിൽ യഥാക്രമം 195, 198 കുട്ടികൾ വീതം പഠിക്കുന്നു. 16 ഡിവിഷനുകളാണ് ആകെ ഉള്ളത്. മലയാളം മീഡിയത്തിൽ 72 പേരും ഇംഗ്ലീഷ് മീഡിയത്തിൽ 497 കുട്ടികളുമുണ്ട്. 20 അധ്യാപകർ ഹൈസ്കൂൾ വിഭാഗത്തിൽ ഉണ്ട്. അപ്പർ പ്രൈമറി വിഭാഗത്തിൽ 344 കുട്ടികളാണ് പഠിക്കുന്നത്. 5-ാം ക്ലാസിൽ 92 ഉം 6, 7 ക്ലാസുകളിൽ യഥാക്രമം 117, 135 കുട്ടികൾ വീതം പഠിക്കുന്നു. 12 ഡിവിഷനുകളാണ് ആകെ ഉള്ളത്. മലയാളം മീഡിയത്തിൽ 33 പേരും ഇംഗ്ലീഷ് മീഡിയത്തിൽ 311 കുട്ടികളുമുണ്ട്. 13 അധ്യാപകർ അപ്പർ പ്രൈമറി വിഭാഗത്തിൽ ഉണ്ട്.

## തനത് പ്രവർത്തനങ്ങൾ

### മികച്ച വാർത്തവായനക്കാരാവാൻ വാർത്താപ്പെട്ടി

പ്രൊഫഷണൽ വാർത്താചാനലിന്റെ മികവോടെയാണ് വിദ്യാലയത്തിനായി നടത്തുന്ന യൂട്യൂബ് ചാനലിൽ വാർത്താപ്പെട്ടി എന്ന പേരിൽ സ്കൂൾ വാർത്ത പരിപാടി സംപ്രേക്ഷണം ചെയ്യുന്നത്. നേരത്തെ തന്നെ സ്ക്രീനിംഗ് നടത്തി കണ്ടെത്തിയിരിക്കുന്ന കുട്ടികളെ വാർത്തവായനക്കാരാക്കിയാണ് വാർത്താപ്പെട്ടിയുടെ പ്രവർത്തനം. അക്ഷരസ്ഫുടതയോടെ, ഒരു പ്രൊഫഷണൽ വാർത്താ വായനക്കാരിയെ പോലെ നമ്മുടെ കുട്ടികൾ വാർത്ത വായിക്കുന്നു. ഈ പരിശീലനം ഭാവിയിൽ ഒരു മുതൽക്കൂട്ടാവും എന്ന കാര്യത്തിൽ സംശയമില്ല.




### എന്റെ പത്രം 'കണ്ണാടി'

നമുക്ക് ചുറ്റുമുള്ള ലോകം ഇന്ന് കണ്ണടച്ച് തുറക്കും മുമ്പ് പുതുമയെ പഴമയാക്കി പാഞ്ഞു കൊണ്ടിരിക്കുകയാണ്. എവിടെ നോക്കിയാലും അതിന്റെ പ്രതിബിംബങ്ങൾ കാണാം. കുതിക്കുന്ന ലോകത്തോടൊപ്പം ഓടണമെങ്കിൽ ആദ്യം നമ്മുടെ ചുറ്റുപാടുകളെക്കുറിച്ച് നാം അറിവുള്ളവരാവണം. മീഡിയ ക്ലബിലൂടെ ഇറങ്ങുന്ന 'എന്റെ പത്രമായ 'കണ്ണാടി'യിൽ കാണുന്നത് കുഞ്ഞിക്കുട്ടി തമ്പുരാട്ടി മെമ്മോറിയൽ ഗവ ഗേൾസ് സ്കൂളിന്റെ ഹൃദയമിടിപ്പാണ്; ശ്വാസോച്ഛ്വാസമാണ്. ഈ പത്രത്താളുകളിൽ വെറും അക്ഷരങ്ങളല്ല, മറിച്ച് ഇവിടുത്തെ അനുഭവങ്ങളും ഓർമകളുമാണ്. സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിലേക്കും സ്കൂളിന്റെ പുറം ലോകത്തിലേക്കും എത്തിക്കുക, സ്കൂളിനെ കുറിച്ചും ഇവിടെ നടക്കുന്ന പ്രവർത്തനങ്ങളെ കുറിച്ചും ഒരു വ്യക്തമായ കാഴ്ചപ്പാട് വളർത്തിയെടുക്കുക എന്നിങ്ങനെയുള്ള ചിന്തകളാണ് ഇ-പത്രമെന്ന പുതിയ കാൽവെപ്പിന് കാരണമായത്. ഈ കണ്ണാടിയിലൂടെ കെ കെ ടിഎം ജി ജി എച്ച് എസ് എസ് എന്ന സ്വപ്ന ലോകത്തിലേക്ക് കടന്നു ചെല്ലാം. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ സ്കൂൾ മീഡിയ ക്ലബിലെ കുട്ടി പത്ര പ്രവർത്തകരുടെ പ്രയത്നത്തിന്റെ ഫലമായ ഈ - കണ്ണാടി പ്രകാശം പ്രതിഫലിപ്പിക്കട്ടെ.


കണ്ണാടി

കണ്ണാടിയുടെ ബ്ലോഗ് ലിങ്ക് :

https://kannadi-23013.blogspot.com

### റേഡിയോ ഗേൾസ്

സ്കൂളിന്റെ പുതിയ ഓൺലൈൻ സംരംഭമായ റേഡിയോ പോഡ്കാസ്റ്റ് ആരംഭിച്ചു. റേഡിയോ ഗേൾസ് എന്ന പേരിൽ ആരംഭിച്ച ഈ പോഡ്കാസ്റ്റ് നടത്തുന്നത് കുട്ടികളാണ്. സാങ്കേതിക സഹായത്തിനും മറ്റുമായി ലിറ്റിൽ കൈറ്റ്സ്, മീഡിയ ക്ലബ് അംഗങ്ങൾ എന്നിവരുടെ സഹായം കൂടി പോഡ്കാസ്റ്റിന് ലഭിക്കുന്നു. കുട്ടികളുടെ കലാപരമായ കഴിവുകൾ കണ്ടെത്തുന്നതിനും കൂടുതൽ അവസരങ്ങൾ നൽകി അവരെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ പുതിയ സംരംഭം ആരംഭിച്ചത്. സ്പോർട്ടിഫൈ പ്ലാറ്റ് ഫോമിൽ ആരംഭിച്ച പോഡ്കാസ്റ്റിൽ എല്ലാ തിങ്കളാഴ്ചയും ഉച്ചയ്ക്ക് ഒരു മണിക്കാണ് പ്രോഗ്രാം ലഭ്യമാകുന്നത്. നേരത്തെ തയ്യാറാക്കിയ പരിപാടികൾ മണ്ഡേ ലഞ്ച് വിത്ത് ഗേൾസ് എന്ന പേരിലാണ് സംപ്രേക്ഷണം ചെയ്യുന്നത്. കൂടാതെ സ്കൂൾ ഉച്ചഭാഷിണിയിലൂടെ കേൾപ്പിക്കുകയും ചെയ്യുന്നു. ഉച്ചഭക്ഷണ ഇടവേളകളിൽ പരിപാടികൾ ആസ്വദിക്കുവാൻ കുട്ടികൾക്ക് സാധിക്കുന്നു. റേഡിയോ ഗേൾസിനെ കുറിച്ച് കുട്ടികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിക്കുന്നത്




സ്കൂളിലെ മീഡിയ പ്രവർത്തനങ്ങൾ അറിയുന്നതിനായി കെകെടിഎം മീഡിയ വാട്സാപ്പ് ചാനൽ ആരംഭിച്ചു. സ്കൂൾ യൂട്യൂബ് ചാനലിലെയോ വാർത്താപ്പെട്ടിയിലെയോ വിശേഷങ്ങളറിയാൻ ഈ വാട്സാപ്പ് ചാനൽ പിൻ ഉടരാം.

അരുന്ധതി ടി ജി
10 സി



## പ്രതീക്ഷ

നിന്നിൽ നിന്നടരണം നിന്നിൽ
നിന്നകലണം
നിനക്ക് നോവായ് മാറാതെ നിന്നിലെ
കനലാവാതെ യാത്ര പറയാതെ വരുമെന്ന
പ്രതീക്ഷയോടെ,
പ്രണയത്തിന്റെ നരച്ച ഉണ്ണിയാൽ
കണ്ണുകെട്ടപ്പെട്ട മനുഷ്യരുടെ നടുവിലായ്
മുളച്ച പൊന്തിയ കൽ പ്രതിമകളെ ശപിച്ച
കൊണ്ട് പ്രണയത്തിന്റെ ഏഴാം ഉറവിൽ
മുങ്ങി മരിച്ചവർ നമ്മൾ!
ഇന്നെതിർ ദിശയിലെവിടെയോ
ആത്മാവില്ലാത്ത രണ്ടു രൂപങ്ങളായ്
നിഴലുകളായ് നാം കഴിയുന്നു,
കണ്ടുമുട്ടുമെന്ന പ്രതീക്ഷയിൽ..
നിന്നിൽ ഉണ്ടായിരുന്നത്രയും കാലം
നിന്നിലേക്ക് തുപ്പുകത്തിയ കപ്പലെന്ന പോൽ
ഞാൻ മുങ്ങിത്താണിരുന്നു..
നിന്നിലില്ലാതായപ്പോ ശൂന്യതയിലെ ഒരു
തോന്നൽ മാത്രമായ് ഞാൻ!
വിഷാദത്തിന്റെ നരച്ച ആകാശം
നിന്റെ അസാന്നിധ്യത്തിന്റെ
വൻകരയിലേക്കാണ് എന്നെ
എടുത്തെറിഞ്ഞത്..
പ്രതീക്ഷകൾ അസ്തമിച്ച എന്നിൽ നീ
വരുമെന്ന പ്രതീക്ഷ മാത്രം, നിനക്കായ്
ഇന്നും കാത്തിരിക്കുന്നു!

# പീച്ചി കാടിനെ അറിഞ്ഞ ഒരു ദിനം

യാത്ര വിവരണ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ രചന

ആയിഷ ഫർസാന 9 ഡി

എന്നും എഴുന്നേൽക്കാൻ മടിയുള്ള ഞാൻ വളരെ ആവേശത്തോടെ യാണ് ഉമ്മാടെ ഒരു വിളിയിൽ ഉണർന്ന് കുളിച്ച് സുന്ദരിയായി യാത്ര പോകാൻ തയ്യാറായി ഇരുന്നത്. ഒരു കട്ടൻ ചായ കുടിച്ച് ഞാനും ഉമ്മയും അഞ്ചു മണിക്ക് സ്കൂളിലേക്ക് യാത്രയായി. വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ നല്ല ഇരുട്ടായിരുന്നു. വെളുപ്പി നുള്ള ബൈക്ക് യാത്ര ഞാൻ ശരിക്കും ആസ്വദിച്ച 5.30ന് സ്കൂളിൽ എത്തി. കുറച്ച് കുട്ടികൾ ഒക്കെ എത്തിയിരുന്നു. ഷീല ടീച്ചറും അനിത ടീച്ചറും സീനത്ത് ടീച്ചറും അവിടെ നേരത്തെ എത്തിയിരുന്നു. പിടിഎ പ്രസിഡന്റും രക്ഷിതാക്കളുടെയും സാന്നിധ്യത്തിൽ പ്രാർത്ഥന ചൊല്ലി ഞങ്ങൾ എല്ലാവരും യാത്രക്ക് തയ്യാറായി.

എല്ലാവരെയും പേരുകൾ വിളിച്ച് വരി വരിയായി നിൽക്കാൻ ടീച്ചർ പറഞ്ഞു. ഓരോ ക്ലാസിലെയും ലീഡർ മുൻപിൽ നിൽക്കണമെന്ന് ടീച്ചർ പറഞ്ഞപ്പോൾ ഞാനാണ് ആദ്യം വരിയിൽ നിന്നത്. എനിക്ക് അഭിമാനം തോന്നിയ നിമിഷമായിരുന്നു അത്. വെള്ള ഗൗണിട്ട് ഞങ്ങളെ കാത്ത് ബസ് ഗേറ്റിനു മുൻപിൽ നിൽക്കുന്നുണ്ടായിരുന്നു. ബസ്സിൽ കയറി എല്ലാവർക്കും ടാറ്റ കൊടുത്ത് ഞങ്ങൾ പീച്ചിയിലേക്ക് പുറപ്പെട്ടു.

എല്ലാവരും വലിയ സന്തോഷത്തിലായിരുന്നു. ഡാൻസും പാട്ടുമായി പീച്ചിയിലേക്കെത്തിയത് ഞങ്ങൾ അറിഞ്ഞില്ല. പിന്നെ കാടിന്റെ ഭംഗി ആസ്വദിക്കാൻ തുടങ്ങി. ശുദ്ധമായ കാറ്റും പച്ചപ്പും ഞങ്ങളെ ഉന്മേഷമുള്ളവരാക്കി.

7:45ന് പീച്ചി വൈൽഡ് ലൈഫ് സാങ്ച്വറി എന്ന വലിയ ബോർഡ് വച്ച ഓഫീസിൽ എത്തിച്ചേർന്നു. ടിനു മാഡം ഞങ്ങളെ സ്വീകരിച്ച ഒരു ഹാളിൽ ഇരുത്തി, അന്നത്തെ യാത്രയെക്കുറിച്ചുള്ള പ്ലാൻ ഞങ്ങൾക്ക് വിശദീകരിച്ച തന്നു. അപ്പവും കടലക്കറിയും വയറുനിറച്ച് കഴിച്ച് ഞങ്ങൾ പിന്നെയും ബസ്സിലേക്ക് കയറി പീച്ചി ഡാം കാണാൻ പോയി. ഡാമിൽ വെള്ളം കുറവാ യിരുന്നു. രണ്ട് മലകളിലെ ഇടയിൽ വിരിഞ്ഞു നിൽക്കുന്ന ഡാമിനെ ഞങ്ങൾ മതിവരുവോളം നോക്കി നിന്നു. എം.ഡബ്ല്യു.എൽ കണ്ടപ്പോൾ എനിക്ക് സംശയം വന്നു. ഞാൻ മാഡത്തിനോട് ചോദിച്ചപ്പോൾ അതിനെ കുറിച്ച് വിശദീകരിച്ച തന്നു -മാക്സിമം വാട്ടർ ലെവൽ. ടോപ് വ്യൂവിൽ എത്തിയപ്പോൾ ഡാമിന്റെ ഭംഗി ശരി ക്കും ആസ്വദിക്കാൻ കഴിഞ്ഞു. പടികൾ കയറിയ ക്ഷീണം ഡാമിന്റെ സൗന്ദര്യം കണ്ടപ്പോൾ ഞങ്ങൾ മറന്നു പോയി. അവിടെനിന്ന് ഞങ്ങളെ കാടിന്റെ ഉള്ളിലേക്ക് കൊണ്ടുപോയി.

ഞങ്ങളുടെ സുരക്ഷക്ക് വേണ്ടി കാഞ്ചന ആന്റിയും ശാരദ ആന്റിയും ഉണ്ടായിരുന്നു. നിശബ്ദരായി സഞ്ചരിക്കണമെന്ന് അവർ ഞങ്ങൾക്ക് നിർദ്ദേശം നൽകി. മരങ്ങളും കിളികളുടെ ശബ്ദവും കാടിന്റെ സംഗീതവും ശ്രദ്ധയോടെ നിരീക്ഷിക്കാൻ ടിനു മാഡം ഞങ്ങളോട് പറഞ്ഞു. കാടിനെ തൊട്ടറിഞ്ഞ ഒരു ദിനം ആയിരുന്നു അത്. ആകാംക്ഷയോടെയാണ് ഓരോരുത്തരും കാടിന്റെ ഉള്ളിലൂടെ നടന്നിരുന്നത്. എല്ലാവരുടെയും കയ്യിൽ ഒരു വടി കരുതി യിരുന്നു. വിഷമുള്ള എട്ടുകാലിയുടെ വല വടി ഉപയോഗിച്ച് കളഞ്ഞു നടന്നു നീങ്ങി. കാട്ടിൽ ക്യാമ്പ് നടത്തിയിരുന്ന ഒരു സ്ഥലത്ത് എത്തിയപ്പോൾ ഞങ്ങൾ വിശ്രമിക്കാൻ ഇരുന്നു. കാട്ടാന വന്ന് തകർത്ത ആ സ്ഥലം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് രണ്ടാമത് പണിതു കൊണ്ടിരിക്കുകയാണത്രെ. പിന്നീട് പുഴയുടെ തീരത്ത് പോയി ഞങ്ങൾ വെള്ളത്തിൽ കുറേനേരം കളിച്ചു ഓരോ നിമിഷങ്ങളും ഞങ്ങളുടെ അധ്യാപകർ ഫോണിൽ പകർത്തുന്നുണ്ടായിരുന്നു. മാഡത്തിന്റെ ഓഫീസിൽ എത്തിയപ്പോൾ മുള്ളു എന്ന അവരുടെ പെറ്റ്ഡോഗിനെ കണ്ടു. കുറച്ച് കൂടി നടന്നപ്പോൾ ഘോര വനത്തി ലേക്കുള്ള വഴിയായി. അവിടെ ഞങ്ങൾക്ക് പ്രവേശനമി ല്ലെന്ന് ടിനു മാഡം പറഞ്ഞു.

ഒരുപാട് ഔഷധ മരങ്ങളും അവിടെ കാണാനും തൊട്ടറിയാനും സാധിച്ചു. കാട്ടിലെ സുന്ദരി, താണി, വലംതിരി, ഇടംതിരി,





ആനപോടി, തിപ്പലി, പാല, മരുത്, ചന്ദനം, കണിക്കൊന്ന, കാഞ്ഞിരം, പൂവര ത്, എച്ചിപ്പാല, കടവപാല, പുല്ലാണി, പെഴ് എന്നിങ്ങനെ ഒരു പാട് മരങ്ങളെക്കുറിച്ച് വിശദീകരിച്ചു തന്നു. ചേല എന്ന ഒരു മരം മറ്റു മരത്തെ ആശ്രയിച്ചു ജീവിക്കുന്നതാണത്രെ. എല്ലാം കൗതുകത്തോടെ കേട്ടു നിന്നു. അതിനു ശേഷം ബസ്സിൽ കയറി യാത്രയായി. സാമ്പാർ, രസം, പപ്പടം അങ്ങനെ കുറെ കറികളായി നല്ല ഒരു ഭക്ഷണം കഴിച്ച് വിശ്രമിച്ചു

സേവിയർ സാർ പാമ്പിനെ കുറിച്ച് ക്ലാസ് എടുത്തത് വളരെ രസകരമായിരുന്നു. ഓരോ പാമ്പിന്റെ ഫോട്ടോ കാണിച്ചു അതിനെക്കുറിച്ച് വിശദീകരിച്ചു തന്നു. വംശനാശ ഭീഷണിയുള്ള പാമ്പിനെ പരിചയപ്പെടുത്തി. പാർവതിയും വേറെ രണ്ടു കുട്ടികളും നന്ദി പറഞ്ഞുകൊണ്ട് ഞങ്ങൾ അവിടെ നിന്നും തിരിച്ചു. അതിനുമുമ്പ് ഞങ്ങൾക്ക് നല്ല ചായയും പഴംപൊരിയും അവർ തരാൻ മറന്നില്ല. വരിവരിയായി ബസ്സിൽ കയറി പിന്നെയും ഡാൻസ് ആരംഭിച്ചു അതിനിടയിൽ ഞാൻ ഒന്ന് മയങ്ങിപ്പോയി. ഐസ്ക്രീം എന്ന് ആരോ പറയുന്നത് കേട്ട് ഞാൻ ചാടി എഴുന്നേറ്റു. ഐസ്ക്രീം ആസ്വദിച്ച് പിന്നെയും ബസ്സിൽ കയറി തിരിച്ച് സ്കൂളിലേക്ക് യാത്രയായി. ഓരോ സ്ഥലവും രക്ഷിതാക്കളോട് ഫോണിലൂടെ പറയുന്നത് കേട്ടു.. 6:30 ന് ഞങ്ങൾ സുരക്ഷിതരായി സ്കൂളിലേക്ക് തിരിച്ചെത്തി. എല്ലാവരും രക്ഷിതാക്കളുടെ കൂടെ വീടുകളിലേക്ക് സന്തോഷത്തോടെ യാത്രയായി.

# ലക്ഷ്മി വരച്ച ചിത്രങ്ങൾ







**ലക്ഷ്മി എ മേനോൻ:**
10 E ക്ലാസിൽ പഠിക്കുന്ന ലക്ഷ്മി മികച്ച ഗായികയാണ്. ചിത്രരചന എന്നത് വലിയൊരു ആഗ്രഹമായി തുടരുന്ന ലക്ഷ്മി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് അംഗം കൂടിയാണ്.





# മനസ്സിന്റെ ആരോഗ്യം കുട്ടികളിൽ

ഹിബ നൗറിൻ 9 D

നമ്മുടെ ശരീരത്തിന്റെ ആരോഗ്യം പോലെ തന്നെ വളരെ ശ്രദ്ധ വേണ്ട ഒന്നാണ് മനസ്സിന്റെ ആരോഗ്യവും. കുട്ടികളിൽ ആയാലും മുതിർന്നവരിൽ ആയാലും ഇത് വളരെയേറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. മാനസിക രോഗം എന്നത് ഒരു വലിയ പ്രശ്നമല്ല. അത് മറ്റ് രോഗങ്ങൾ പോലെ തന്നെ കണ്ടെത്തുകയും ചികിത്സിക്കുകയും ആണ് ചെയ്യേണ്ടത്. വളർന്നുവരുന്ന കുട്ടികളിൽ മാനസികാരോഗ്യം എത്രത്തോളം ശക്തിപ്പെടുന്നോ അത്രത്തോളം അവർക്ക് ഉയരത്തിൽ എത്തിപ്പെടാൻ സാധിക്കും. അതുകൊണ്ടുതന്നെ ചെറിയ മാനസിക പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ട മ്പോൾ തന്നെ മുതിർന്നവർ അത് തിരിച്ചറിയുകയും അതിനു വേണ്ട പരിചരണം ഒരുക്കിക്കൊടുക്കുകയും വേണം. എന്നാൽ അത് കൂടുതൽ സങ്കീർണ്ണ മാകുന്നതിനു മുമ്പ് തന്നെ മാറ്റിയെ ടുക്കാം. പക്ഷേ നമ്മുടെ സമൂഹം ഒത്തിരി പുരോഗമനം കൈവരിച്ചിട്ടു ണ്ടെങ്കിലും മാനസിക ആരോഗ്യം എന്ന തിനോടുള്ള മനോഭാവത്തിൽ വലിയ മാറ്റമൊന്നും സംഭവിച്ചിട്ടില്ല. ലോകജന സംഖ്യയിൽ 55 കോടിയിലധികം ആളു കൾ പലതരത്തിലുള്ള മാനസിക രോഗം മൂലം കഷ്ടത അനുഭവിക്കുന്നു. 2022 ലെ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ റിപ്പോർട്ട് പ്രകാരം 12.43% ആളുകൾ ക്കും മാനസിക ആരോഗ്യത്തിന് ചികി ത്സ ആവശ്യമാണ് എന്നാണ്. എങ്കിൽ ഇതിൽ 15% ആളുകൾക്ക് മാത്രമേ ചികിത്സ ലഭിച്ചിട്ടുള്ളൂ. ആയതിനാൽ മാനസികാരോഗ്യം ഗുണകരമാകുന്നതിന് നാം സ്വീകരിക്കുന്ന സമീപനങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്.

മാനസിക ആരോഗ്യ സംഘടനയുടെ പ്രസിഡണ്ട് ഡോക്ടർ ഡാനിയലിന്റെ വാക്കുകളാണിവ: 'മാനസിക ആരോഗ്യം എന്നത് നിക്ഷേപമാണ്, അതിനു വേണ്ടിയുള്ള ചിലവഴിക്കൽ നല്ല നാളേക്ക് വേണ്ടിയുള്ള കരുതൽ കൂടെ ആണെന്നുള്ള ബോധം നമുക്കെല്ലാവർക്കും ഉണ്ടാവണം, വലിയൊരു സാമൂഹ്യ വിപത്തിനെ തടയാൻ നമ്മൾ അതിനു മുൻഗണന നൽകണം.

ഈ കാലഘട്ടത്തിൽ പല കുട്ടികളും വിനോദത്തിനായി മൊബൈൽ, ടിവി, കമ്പ്യൂട്ടർ എന്നിവയെ



ആശ്രയിച്ചു . ഇത് അവരുടെ പഠനത്തെയും മാനസികാരോഗ്യത്തെയും വലിയ രീതിയിൽ ബാധിച്ചു. ദീർഘനേരം ഗെയിം കളിക്കുന്ന കുട്ടികളുടെ തലച്ചോറിലെ ഡോപ്പമിൻ എന്ന രാസവസ്തുവിന്റെ അളവുകളിൽ വ്യത്യാസങ്ങൾ ഉണ്ടാകുന്നു എന്ന് പഠനങ്ങൾ പറയുന്നു. തലച്ചോറിന്റെ രണ്ട് അർദ്ധ ഗോളങ്ങൾ തമ്മിലുള്ള ഏകോപന കുറവിനും ശ്രദ്ധ കുറവിനും ഇതു കാരണമാകുന്നു. ഇതാണ് എടുത്തുചാട്ടം, പിന്തിരിപ്പൻ സ്വഭാവം എന്നിവ ഉണ്ടാകാൻ കാരണമാകുന്നത്. കൗമാരക്കാരായ ചില കുട്ടികൾ സമൂഹ്യമാധ്യമങ്ങളിലും മറ്റു വെബ്സൈറ്റുകളിലും അടിമയാകുന്ന സാഹചര്യങ്ങൾ ഇപ്പോൾ കണ്ടു വരുന്നു. ദീർഘകാല മൊബൈൽ ഉപയോഗം കുട്ടിക ളിൽ വിഷാദരോഗം വരുത്തു ന്നു. ചികിത്സിക്കാതെ പോകുന്ന വിഷാദരോഗം ആത്മഹ ത്യക്ക് കാരണമാകാറുണ്ട്.


ഉറക്കം കുറയുന്നതുമൂലം രണ്ടു പ്രധാനപ്പെട്ട തകരാറുകൾ സംഭവിക്കുന്നുണ്ട്. ഒന്ന്, പകൽ പഠിക്കുന്ന കാര്യങ്ങൾ തലച്ചോറിൽ വ്യക്തമായി പതിയുന്നില്ല. രണ്ട്, പകൽ തലച്ചോറിലെ കോശങ്ങളിലെ പ്രവർത്തനങ്ങളുടെ ഫലമായി ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ പുറന്തള്ളപ്പെടാത്തത് മൂലം തലച്ചോറിൽ ആ മാലിന്യങ്ങൾ അടിഞ്ഞു കൂടുകയും മന്ദത, ക്ഷീണം തുടങ്ങിയവ ഉണ്ടാകുകയും ചെയ്യുന്നു.

കുട്ടികളിലെ മാനസിക ആരോഗ്യം നിലനിർത്താൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇവയാണ്. കുട്ടികളുടെ ദിനചര്യ നിലനിർത്തുക. ഉറങ്ങുന്ന സമയം ഉണരുന്ന സമയം എന്നിവ കൃത്യപ്പെടുത്തുക. വ്യായാമ ങ്ങൾ ശീലിപ്പിക്കുക. ഇത് സന്തോഷവും ഉന്മേഷവും ലഭിക്കാൻ സഹായിക്കും. ക്ലാസ് ഇല്ലാത്ത ദിവസങ്ങളിൽ ആൺ പെൺ ഭേദമന്യേ കുട്ടികളെ വീട്ടുജോലികളിൽ പങ്കെടുപ്പിക്കുക. വൃത്തി ശീലിപ്പിക്കുക, ഇത് ആത്മ വിശ്വാസം ലഭിക്കാൻ ഗുണകരമാകും. മൊബൈൽ ഫോണുകളുടെയും ടിവികളു ടെയും ഉപയോഗം കുറയ്ക്കുക. കുട്ടികൾ ക്കായി സമയം മാറ്റി വയ്ക്കുക. അവർക്ക് പറയാനുള്ളത് കേൾക്കുക. അവരുടെ സംശയങ്ങൾ തീർക്കുകയും ജീവിതാനുഭവങ്ങളെ കുറിച്ച് പറയുകയും കേൾക്കുകയും ചെയ്യുക. കുട്ടികളുടെ മുൻപിൽ വെച്ച് വഴക്ക് കൂടുകയും ചീത്ത വാക്കുകൾ ഉപയോഗിക്കുകയും ചെയ്യുന്നത് ഒഴിവാക്കുക.

# ഗാന്ധിയുടെ ജീവിതത്തിലൂടെ

അനശ്രീ എം എം 9 ബി

ഒക്ടോബർ 2 ഇന്നും ഓർമ്മകൾ മരിച്ചിട്ടില്ലാത്ത ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ രാജാവും, വഴികാട്ടിയും, ബ്രിട്ടീഷ് സാമ്രാജ്യത്തെ മുട്ടുകുത്തിച്ച പറഞ്ഞയാക്കുകയും ചെയ്ത നമ്മുടെ സ്വന്തം രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിജിയുടെ പിറന്നാൾ ദിനം. ഓരോ ഇന്ത്യക്കാരുടെയും മനസ്സിലൂടെ കനവ് പോലെയോ കഥ പോലെയോ കടന്നുപോയ ആ മഹാന്റെ ഓർമ്മകൾക്ക് മുന്നിൽ നമുക്ക് എന്നും ശിരസ്സു നമിക്കാം.



ഈ ദിനത്തിൽ നമ്മളേവരും വിസ്മയത്തോടെ ഓർക്കുന്ന നമ്മുടെ സ്വന്തം ബാപ്പുജിയുടെ പങ്ക് ഇന്ത്യൻ സ്വാതന്ത്ര സമരത്തിൽ ചെറുതൊന്നുമല്ലെന്ന് നമുക്കേവർക്കും അറിയാം. അഹിംസയിലൂന്നിയ ജീവിതം നയിക്കുകയും അതിന്റെ പ്രാധാന്യത്തെ കുറിച്ച് ജനങ്ങൾക്ക് പറഞ്ഞു മനസ്സിലാക്കുകയും ചെയ്ത് അദ്ദേഹം ജനഹൃദയങ്ങൾ കീഴടക്കി. അദ്ദേഹത്തെക്കുറിച്ച് ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞ വാക്കുകൾ ഓരോ വർഷം കൂടുന്തോറും കൂടുതൽ പ്രസക്തമാകുന്നു. 'ഭൂമിയിൽ രക്തവും മാംസവുമുള്ള ഇങ്ങനെയൊരാൾ ജീവിച്ചിരുന്നു എന്നത് വരും തലമുറയ്ക്ക് ഒരു പക്ഷേ വിശ്വസിക്കാനാകില്ല. യഥാർത്ഥത്തിൽ നാം ഇന്ന് അനുഭവിക്കുന്ന ഓരോ സ്വാതന്ത്ര്യത്തിനു പിന്നിലും അദ്ദേഹത്തിന്റെ ത്യാഗത്തിന്റെ വലിയ ഒരു കഥയുണ്ട്.

1969 ഒക്ടോബർ 2 പോർബന്തറിലെ കരംചന്ദ് ഗാന്ധിയുടേയും പുത്തലി ഭായ് യുടെയും നാലു മക്കളിൽ ഇളയവനായി ജനിച്ചു. ബാലവിവാഹം നിലനിന്നിരുന്ന കാലത്തായതിനാൽ തന്റെ പതിമൂന്നാം വയസ്സിൽ കസ്തൂർബയെ വിവാഹം കഴിച്ചു. 1891ൽ ലണ്ടനിലെ ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയിൽ നിയമപഠനം പൂർത്തിയാക്കി. ഒരു അഭിഭാഷകൻ ആയിട്ടു പോലും അദ്ദേഹം സാധാരണക്കാരിലേക്ക് ഇറങ്ങി. അഹിംസയിലൂന്നിയ ജീവിതത്തിലൂടെ ഇന്ത്യൻ ജനതയെ വെളിച്ചത്തിലേക്ക് നയിച്ചു. വർണ്ണവിവേചനത്തിനെതിരെയും, ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർക്കായും സമരം നടത്തി സമരമുഖത്തേക്ക് ചുവടുവെച്ചു. 1917 ബീഹാറിലെ ചമ്പാരനിലെ കർഷകർക്കായി സമരം നടത്തി. തോട്ടം ഉടമകളായ യൂറോപ്യന്മാരുടെ ചൂഷണത്തിനെതിരെ സമരം നടത്തി ഗാന്ധിജി വിജയം കൈവരിച്ചു. നിസ്സഹകരണ പ്രസ്ഥാനത്തിന് നേതൃത്വം നൽകുകയും ചെയ്തു. ഇതിന്റെ ഫലമായി കഠിനതടവ് വിധിച്ചു. അവിടെ വെച്ചായിരുന്നു അദ്ദേഹത്തിന്റെ ആത്മകഥയായ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എഴുതിയത്. ദണ്ഡിയാത്ര, വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം, എന്നിങ്ങനെ ധാരാളം സമരങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ചു. സ്വാതന്ത്ര്യത്തിനായി ഭാരതീയരുടെ പോരാട്ടത്തിന്റെ ഗതിമാറ്റിയ 1942 ഓഗസ്റ്റ് 9 ന് നടന്ന ക്വിറ്റിന്ത്യാ സമരത്തിലും നേതൃത്വം നൽകി. ബ്രിട്ടീഷുകാർ ഇന്ത്യ വിടുക' എന്ന് മുദ്രാവാക്യം മുഴക്കി ഗാന്ധിജിയുടെ നേതൃത്വത്തിൽ ഐതിഹാസിക സമരം നടന്നു. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന് ആഹ്വാനം ഉ ൾക്കൊള്ളുന്ന പ്രസംഗം നടത്തി സ്വാതന്ത്ര്യം അല്ലാതെ മറ്റൊന്നും വേണ്ട എന്ന് ഉറക്കെ പ്രഖ്യാപിച്ചു.


1947 അദ്ദേഹത്തിന്റെയും മറ്റു ധീരയോദ്ധാക്കളുടെയും കഠിന പരിശ്രമത്താൽ ഓഗസ്റ്റ് 15 ന് ഇന്ത്യ സ്വതന്ത്രയായി. 1948ൽ നാഥു റാം വിനായക് ഗോഡ്സെയുടെ വെടിയേറ്റ് അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു. ലോകത്തിന് ഒരു നല്ല പാഠപുസ്തകമായി തന്റെ ജീവിതം നയിച്ച അദ്ദേഹം ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നു.

ബാപ്പുജി നമുക്കായി നൽകിയ ഓരോ വാക്കുകളും ജീവിതവഴിയിൽ നമുക്ക് വലിയൊരു മുതൽക്കൂട്ടാണ്. അദ്ദേഹത്തിന്റെ ജീവിത സന്ദേശങ്ങൾ നമ്മുടെ പ്രവൃത്തികളിലും പ്രതിഫലിപ്പിക്കാൻ നമുക്ക് ശ്രമിക്കാം.

# ജലം ജീവാമൃത്

ഐശ്വര്യ ടി എസ് 9 ബി

അനേകായിരം കോടി ജലതന്മാത്രകളിൽ നിന്നാണ് ജീവന്റെ ആദ്യ ബിന്ദുവിന്റെ ഉറവിടം. ജീവന്റെ നിലനിൽപ്പിനു ജലം അത്യാവശ്യമാണെന്നും അതിന്റെ സുസ്ഥിരത നമ്മുടെ ബാധ്യതയാണെന്നും പണ്ട് തൊട്ട് ഇന്ന് വരെ കേട്ടുകൊണ്ടിരിക്കുന്ന പാഠങ്ങളാണ്. എങ്കിലും ഓരോ ജലദിനത്തിലും ജലസംരക്ഷണവും ജല മാലിനീകരണങ്ങളും എഴുത്തുകളായും വാക്കുകളായും പ്രതിഷേധങ്ങളായും പുനർജ്ജനിക്കുന്നു. ഈ ജീവന്റെ കണികയുടെ പ്രാധാന്യം എത്രത്തോളം പ്രസക്തമാണെന്ന് അപ്പോൾ തന്നെ വ്യക്തമാണല്ലോ. മാർച്ച് 22 അന്താരാഷ്ട്ര തലത്തിൽ ജലദിനമായി ആചരിക്കുന്നു.



ജല ദൗർലഭ്യം ഒരു ആഗോള പ്രശ്നമായി മാറിയിരിക്കുന്നു. ശുദ്ധ ജലത്തിന്റെ ലഭ്യത 20 വർഷം കൊണ്ട് മൂന്നിലൊന്നായി ചുരുങ്ങുകയും ഉപഭോഗം ഇരട്ടിയാവുകയും ചെയ്തു. തണ്ണീർത്തടങ്ങൾ, കായലുകൾ, തോടുകൾ, പാടങ്ങൾ, കുളങ്ങൾ, ചതുപ്പുനിലങ്ങൾ എല്ലാം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ജലസ്രോതസ്സുകൾ മിക്കതും മലിനപ്പെട്ടു കഴിഞ്ഞു. മലിനജല ഉപയോഗം കൊണ്ടുണ്ടാകുന്ന രോഗങ്ങളാൽ ഓരോ വർഷവും 16 ലക്ഷം കുട്ടികൾ മരിക്കുന്നുണ്ടെന്നാണ് കണക്ക്. ലോകത്ത് 180 കോടി ജനത മാലിന്യം കലർന്ന ജലമാണ് കുടിക്കുന്നത്. ലോകമാകെയുള്ള മലിന ജലത്തിന്റെ 80 ശതമാനവും ശുദ്ധീകരിക്കാതെ തന്നെ ജലവിതരണവുമായി കലരുന്നുണ്ട്. പുരോഗമിച്ചു കൊണ്ടിരിക്കുന്ന ഉത്തരാധുനിക യുഗത്തിൽ ജലസംരക്ഷണം തികച്ചും വെല്ലുവിളികൾ നേരിടുന്ന പ്രക്രിയതന്നെയുമാണ്.

"Ground water: making the invisible visible" എന്നതാണ് ഈ ജലദിനത്തിലെ ഐക്യരാഷ്ട്ര സംഘടനയുടെ തീം. ചുറ്റുമുള്ള പാടവും പുഴയും തന്നെയാണ് അടിസ്ഥാനപരമായി ഏതൊരു മനുഷ്യന്റെയും അസ്തിത്വം. പുൽക്കൊടികളെയും കുറുകനാമ്പുകളെയും വെട്ടി തണ്ണീർത്തടങ്ങൾ നികത്തി ഈ ഭൂമിയിൽ മനുഷ്യന് മാത്രമായി ഒരു നിലനിൽപ്പ് അവകാശപ്പെടാനാവില്ല. അതുകൊണ്ട് സുസ്ഥിരമായ ജലവിനിമയത്തിന് ജീവന്റെ വിലയുണ്ട്. തണ്ണീർത്തടങ്ങളിൽ ജീർണിക്കാതെ പൊന്തിക്കിടക്കുന്ന പ്ലാസ്റ്റിക്കുകൾക്കും നദികളിലേക്ക് ഒഴുക്കിവിടുന്ന കറുത്ത കുമിളകളുള്ള ഫാക്ടറി വേസ്റ്റിനും നമ്മൾ മാത്രമാണ് ഉത്തരവാദികൾ. ജലജന്യ രോഗ ങ്ങളും നാം വരുത്തിവെക്കുന്ന വിന് തന്നെ. കോളറ, ടൈഫോയ്ഡ് തുടങ്ങി നീണ്ടുപോകുന്ന ജലജന്യ രോഗങ്ങൾക്കുള്ള ഏക പരിഹാരവും ജലസംരക്ഷണവും ശുദ്ധ ജല ലഭ്യത ഭൂഗർഭ ജലസ്രോതസ്സുകളുടെ നിലനിൽപ്പും ഭൗമോപരിതലത്തിലെ ജലസ്രോതസ്സുകളത്രയും മലിനീകരിക്കപ്പെടാതെ കാത്തുസൂക്ഷിക്കലും. ഇനി മുതൽ ഫാക്ടറികൾ തന്നെ അവയുടെ അവശിഷ്ടങ്ങളെ വഹിച്ചുകൊള്ളട്ടെ.. പ്ലാസ്റ്റിക്കുകളുടെ ഉപയോഗം നിയന്ത്രിച്ച് ജലജന്യ ആവാസ വ്യവസ്ഥയും സംരക്ഷിക്കപ്പെടട്ടെ.. അതിന്നായി ഉയരട്ടെ നമ്മുടെ കൈകൾ.

കേരളത്തിന്റെ ജലസമ്പത്ത് അത്യധികം വിശാലമാണ്. പക്ഷെ 44 നദികളിൽ അവയുടെ പോഷകനദികളിൽ പലതും ഇന്ന് വെറും കണ്ണീർച്ചാലുകളാണ്. മഴക്കാലങ്ങളെ തിരിച്ചുപിടിക്കാനും നദീ സമ്പത്തുക്കളെ പുനഃസ്ഥാപിക്കാനും നാം ഇനിയും പ്രയത്നിക്കേണ്ടിയിരിക്കുന്നു.

ഇത് കേരളത്തിന്റെ അവസ്ഥ. ഇന്ത്യയൊട്ടാകെയും കുടിവെള്ള പ്രശ്നങ്ങൾ രൂക്ഷമാണ്. ഇന്ത്യയുടെ ക്യാപിറ്റൽ നഗരമായ ഡൽഹിയിൽ ശുദ്ധവെള്ളം വലിയ വിലകളിൽ വിൽക്കപ്പെടുന്ന അവസ്ഥയും അത് സാധാരണക്കാരന്റെ ജീവിതത്തെ വലക്കുന്ന വാർത്തകളും ഒട്ടൊന്നുമല്ല ഭീതി ജനിപ്പിച്ചത്. അനേകം മൈലുകൾ താണ്ടി കുടങ്ങൾ ഒന്നിന് മീതെ ഒന്നായി വെച്ച് ശുദ്ധജലം വഹിച്ചുകൊണ്ടുവരുന്നവരുടെ ചിത്രങ്ങൾ ലോകരാജ്യങ്ങൾക്കിടയിൽ ഇന്ത്യയുടെ ഐക്കൺ ആയി ഇടം പിടിച്ചിരിക്കുകയാണ്.

ജലമാലിനികരണത്തിന് ഉത്തരവാദികളായ നമ്മൾ തന്നെ ജലാസംരക്ഷണത്തിനു ള്ള പുതിയ വഴികൾ തേടേണ്ടതുണ്ട്. മഴവെള്ള സംരക്ഷണ മേഖലയിൽ നൂതന വിദ്യകൾ പരീക്ഷിക്കപ്പെടേണ്ടതുണ്ട്. സൂര്യൻ ഭൂമിക്ക് നൽകുന്ന അമൃതാണ് മഴവെള്ളം എന്ന് ആയുർവേദ ഗ്രന്ഥങ്ങൾ പറയുന്നു. ജീവഹേതുവായ മഴവെള്ള സംരക്ഷണം തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ടത്. Filtration പ്രക്രിയകളും കാര്യക്ഷമമായി നടക്കേണ്ടതുണ്ട്. പെയ്തിറങ്ങുന്ന മഴവെള്ളമത്രയും ഭൂമിയിലേക്ക് ഇറങ്ങി ഭൂഗർഭ ജലവിതാനം ഉയർത്താൻ കോൺക്രീറ്റ് സൗധങ്ങൾ കെട്ടിയുയർത്തുന്നത് നിയന്ത്രിക്കപ്പെടേണ്ടതുണ്ട്. പ്രകൃതിയുടെ സ്വാഭാവികമായ ആവാസ വ്യവസ്ഥയെ തകർക്കുന്ന യാതൊരു തരത്തിലുള്ള പ്രവർത്തനങ്ങളും നടക്കാതിരിക്കാൻ പ്രാദേശിക തലങ്ങളിലെങ്കിലും നമുക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാം.

# 2018 ലെ വെള്ളപ്പൊക്കം വിറയാർന്ന ഓർമ്മകൾ

അരുൺ പീറ്റർ - കൈറ്റ് മാസ്റ്റർ

അന്ന്, രാവിലെ 7 മണി. പള്ളിപ്പുറത്ത് നിന്നും ആനാപ്പുഴയിലേക്ക് യാത്ര ആരംഭിച്ചു. അസാധാരണമായ ആ യാത്ര. റോഡിലൂടെ ഭ്രാന്തമായി ഒഴുകുന്ന അരക്കൊപ്പം വെള്ളത്തിൽ മണിക്കൂറുകൾ എടുത്ത്, എതിരെ വരുന്ന ശക്തമായ ഒഴുക്കിനെ മറികടന്ന് മൂത്തകുന്നത്തെത്തി. മാല്യങ്കരയിൽ നിന്നും മൂത്തകുന്നം വരെയുള്ള ആ നടപ്പ് എന്റെ ജീവിതത്തിൽ ഞാൻ മറക്കില്ല. ചിലയിടങ്ങളിൽ മുട്ടിന് മുകളിലും ചിലയിടങ്ങളിൽ നെഞ്ചിന് ഒപ്പവും... ചില സ്ഥലങ്ങളിൽ എത്തുമ്പോൾ നിറയെ ആളുകളെ കയറ്റി വലിയ ഓളമുയർത്തി ഹോൺ മുഴക്കി ഹെഡ് ലൈറ്റിട്ട് പാഞ്ഞു വരുന്ന വലിയ ലോറികൾ. അതിൽ നിറയെ പറ്റാവുന്നിടത്തെല്ലാം അള്ളിപ്പിടിച്ചിരിക്കുന്ന കരെ മനുഷ്യർ... മാല്യങ്കരയിലേക്കും അവിടെ നിന്ന് തെക്കൻ ജില്ലകളിലേക്ക് പോകുന്നവർ. ലോറി സ്പീഡ് കുറക്കുകയോ നിർത്തുകയോ ചെയ്താൽ നിന്നു പോകുമെന്നതിനാൽ റോഡിലൂടെ വലിയ തിരകളുണ്ടാക്കി പാഞ്ഞു പോകുന്നു. അതിനൊക്കെ ഇടയിലൂടെ നടന്നു പോകുന്ന നിസഹായർ. കൂടെ ഞാനും എന്റെ ചേട്ടനും... വശങ്ങളിൽ കാണകളായതിനാൽ നടുവിലൂടെ നടന്നുപോകുമ്പോൾ പാഞ്ഞു വരുന്ന ലോറിക്ക് മുന്നിൽ പെട്ട് ചതഞ്ഞ് പോവാതിരിക്കാൻ ഒഴുക്കുള്ള വെള്ളത്തിൽ വച്ച് കാണയോ കുഴിയോ എന്നറിയാതെ ചാടി മാറി വശങ്ങളിലുള്ള മതിൽ കെട്ടിൽ പിടിച്ച് നിൽക്കുമ്പോൾ ലോറിയുടെ ഓളത്തിന്റെ ശക്തിയിൽ മതിൽ കെട്ടുകൾ തകർന്ന് വീഴുന്നു.. തിരമാല കണക്കെ വെള്ളം ഞങ്ങളുടെ തലക്ക് മുകളിലൂടെ കയറിയിറങ്ങി. ആ തള്ളലിൽ ചെന്ന് നിന്നത് പഴയ പഞ്ചായത്ത് കിണറിന്റെ അരികിൽ. ഉയർന്ന് നിന്ന കോൺക്രീറ്റ് ഭിത്തിയിൽ പഞ്ചായത്ത് കിണർ എന്നെഴുതി വച്ചിരിക്കുന്നത് കണ്ട് നീങ്ങി മാറിയതിനാൽ അതിൽ വീണ് മുങ്ങിച്ചത്തില്ല. ഇങ്ങനെ മണിക്കൂറോളം നീന്തിയും മുങ്ങിപ്പൊങ്ങിയും 10.30 ന് മൂത്തകുന്നത്ത് എത്തി.

ദുരന്തമുഖത്തെ നിസഹായത പേറി നിൽക്കുന്ന ജനക്കൂട്ടത്തിലേക്കാണ് നീന്തിക്കയറിയത്. അവിടെ നിന്നും വീണ്ടും നടന്നു. ആ നടത്തത്തിൽ ഞാൻ കണ്ടു... വാഹനങ്ങളിൽ, വാഹനം എന്നു പറഞ്ഞാൽ ടിപ്പർ ലോറിയിലും വലിയ ട്രക്കുകളിലും എന്തിന് ടാങ്കർ ലോറികളുടെ പിന്നിൽ വരെ അള്ളിപ്പിടിച്ച് കിടന്ന്, വീടും മരങ്ങളും ചത്ത് മലച്ച മൃഗങ്ങളും കുത്തിയൊലിച്ച് പായുന്ന പെരിയാറിന് കുറുകെയുള്ള കോട്ടപ്പുറം പാലത്തിലൂടെ വടക്കോട്ടും തെക്കോട്ടും പരക്കം പായുന്ന ആയിരങ്ങൾ...

ഇന്നുവരെയുള്ള ജീവിതത്തിൽ ചിന്തിച്ചിട്ടു പോലുമില്ലാത്ത കാര്യങ്ങളുടെ അനുഭവങ്ങളും കാഴ്ചകളും... അക്ഷരാർത്ഥത്തിൽ നടുങ്ങി വിറച്ച് നിന്നു പോയി ഞാൻ. ഇന്ന് തിരികെ പള്ളിപ്പുറത്തേക്ക് പോവാൻ സാധിക്കില്ല എന്ന് മനസ് പറയുന്നുണ്ടെങ്കിലും ആനാപ്പുഴയിലെ വീട്ടിലേക്ക് പോകുവാൻ തന്നെ തീരുമാനിച്ചു. ടോൾ വഴി നടന്ന് കീത്തോളിയിൽ എത്തിയപ്പോഴേക്കും കാലുകൾ കുഴഞ്ഞു,

അവിടെ കണ്ട ഒരു പെട്ടി ഓട്ടോയിൽ കയറി ആനപ്പുഴയിലേക്ക് പോയി. കസ്തൂരി വളവ് കഴിഞ്ഞതും ഇടത് വശം മുഴുവനും വെള്ളത്തിനടിയിൽ കാണുന്നു. ഞാനോർത്തു ഇവിടെയൊന്നും വെള്ളം കേറില്ല എന്ന് വിചാരിച്ചിട്ട്... ആ വണ്ടിയിൽ ആനാപ്പുഴ ജംഗ്ഷൻ വരെ എത്തി. ഏതാണ്ട് അവിടെ വരെ വെള്ളം വന്നിരിക്കുന്നു. അതൊക്കെ നീന്തി ഐസ് കമ്പിനിയിലേക്കുള്ള ഇറക്കം വരെ എത്തി. അവിടെ കുറെ വഞ്ചികളുണ്ടായിരുന്നു. അതിലേതെങ്കിലുമൊന്ന് തുഴഞ്ഞു കൊണ്ട് പൊക്കോളാൻ പറഞ്ഞെങ്കിലും പുഴയിലെ ഒഴുക്ക് കണ്ടപ്പോൾ വേണ്ടെന്ന് വച്ചു. പിന്നെ കണ്ട ഒരു വഞ്ചിയിൽ കയറി വീട്ടിലേക്കുള്ള യാത്ര തുടർന്നു.

വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന തറവാട് വീട് കണ്ടപ്പോൾ തന്നെ എന്റെ വീടിന്റെ ചിത്രം മനസ്സിൽ വന്നു. നടന്ന് പോകാറുള്ള വഴികളിലൂടെ ആൾ പൊക്കത്തിന് മുകളിലൂടെ ഒരു വഞ്ചി യാത്ര! ശ്മശാന ഭൂമിയിലൂടെ പോകുന്ന പോലെ... ഒരു ജീവിയെ പോലും കാണാതെ, നിശബ്ദത മാത്രം തിങ്ങി നിൽക്കുന്ന അന്തരീക്ഷത്തിലൂടെ ടൈറ്റാനിക്ക് സിനിമയുടെ അവസാന സീനുകളെ ഓർമ്മിപ്പിച്ച് ഒരു ഭീകര യാത്ര !! തുഴഞ്ഞ് തുഴഞ്ഞ് എന്റെ വീടിന് മുന്നിൽ ചെന്നപ്പോൾ ലോക്ക് ചെയ്ത ഗെയിറ്റ് തുറക്കാൻ വഞ്ചിയിൽ നിന്നും ഇറങ്ങാൻ നോക്കി. നില കിട്ടുന്നില്ല. ഗെയിറ്റിൽ പിടിച്ച് താഴേക്ക് ഊളിയിട്ട് ഗെയിറ്റിന്റെ ലോക്ക് വിടുവിച്ചു. തിരികെ വഞ്ചിയിൽ കയറാൻ നേരം ഞാൻ അവിടത്തെ 'ആഴം' ഒന്നളന്ന് നോക്കി. എന്റെ തലക്ക് മീതെ ഏതാണ്ട് 2-3 അടി ഉയരത്തിൽ വെള്ളം !! 'കാണാത്ത' മതിൽ കെട്ടിലേക്ക് കടന്ന് പുതിയ വീടിന്റെ വശത്തിലേക്ക് വഞ്ചി കൊണ്ടുപോയി ഇറങ്ങി. ചെവി വട്ടം പിടിച്ചു നോക്കി. ഇല്ല ! ഒന്നും കേൾക്കുന്നില്ല. നെഞ്ചിടിപ്പ് കൂടി വന്നു.

വീടിന്റെ ടെറസിൽ കെട്ടിയിട്ട് പോന്നിരിക്കുന്ന എന്റെ നായ ഗാർളിക്കിന്റെ ശബ്ദം

ഒന്നും കേൾക്കുന്നില്ല. ജീവൻ പണയം വച്ചും വീട്ടിലേക്ക് വന്നത് ഗാർലിക്കിന് ഭക്ഷണം നൽകാൻ വേണ്ടി ആയിരുന്നു. ഉറക്കെ അവനെ ഒന്ന് വിളിച്ച നിമിഷം അവൻ വിളി കേട്ടു . ഓടി മുകളിലേക്ക് ചെന്നപ്പോൾ അവന്റെ സന്തോഷം ഒന്ന് കാണേണ്ടത് തന്നെ ആയിരുന്നു. ഇനി 2 ദിവസത്തേക്ക് ഉള്ള ഭക്ഷണവും വെള്ളവും കൂടി എടുത്ത് വച്ച് തിരികെ പോന്നു. അപ്പോഴേക്കും 2 മണി ആയി. തിരികെ കീത്തോളിയിൽ എത്തിയപ്പോൾ എങ്ങും ഭക്ഷണമില്ല. അടുത്തുള്ള നിമ്മിയുടെ ക്യാമ്പ് സന്ദർശിച്ചാലോ എന്ന് വരെ ചിന്തിച്ചു പോയി. പിന്നെ മെഡിക്കെയർ ഹോസ്പിറ്റൽ കാന്റീനിൽ കയറി ഭക്ഷണം കഴിച്ചു.

വീണ്ടും മൂത്തകുന്നത്തേക്ക്...

അതിനിടയിൽ മനസിലായി ഞങ്ങൾ സുരക്ഷിതരാണെന്ന് മെസേജ് ചെയ്തു ചേച്ചിയും കുടുംബവും സുരക്ഷിതരായിരുന്നത് സ്വന്തം വീട്ടിന്റെ ഒന്നാം നിലയിൽ തന്നെയാണെന്ന്. പിന്നെ എങ്ങിനെയെങ്കിലും അവരെ രക്ഷിച്ചെടുക്കണം എന്ന ചിന്ത മാത്രം മാത്രമായി. അത് മാത്രമോർത്ത് മൂത്തകുന്നത്തെത്തിയപ്പോൾ അവിടത്തെ കാഴ്ച്ച എത്തിനെ വിവരിക്കണം എന്നറിയില്ല. പല തരത്തിൽ അങ്കലാപ്പിലായ വലിയൊരു കൂട്ടം മനുഷ്യർ. കണ്ണൂര് നിന്നും കോഴിക്കോട് നിന്നും ലോറിയിലും മറ്റുമായി മൂത്തകുന്നത്ത് എത്തി അവിടെ നിന്നും തെക്കൻ ജില്ലകളിലേക്ക് പോകാൻ ആകെയുള്ള വഴിയായ മാല്യങ്കരയിലെക്ക് എത്തിച്ചേരാൻ ലോറി കാത്ത് നിൽക്കുന്നവർ ഒരു വശത്ത്, തെക്കൻ ജില്ലകളിൽ നിന്നും വടക്കോട്ട് പോകാനുള്ളവർ മാല്യങ്കര റോഡിലെ കുത്തൊഴുക്ക് മറികടന്ന് കയറി വരുന്നതിന്റെ ആഹ്ളാദം അലറി വിളിച്ച് അറിയിക്കുന്നവർ, വെള്ളത്തിൽ നിന്നു പോയ വലിയ ലോറി തള്ളിയും ഉന്തിയും സ്റ്റാർട്ട് ചെയ്യാൻ ശ്രമിക്കുന്നവർ, കുത്തൊഴുക്കിനെ മറികടന്ന് റോഡിലൂടെ നടന്ന് വരുന്നവർ, ഒറ്റപ്പെട്ട വീടുകളുടെ മുകളിൽ നിന്നും ആളുകളെ രക്ഷിച്ച് കരക്കടിപ്പിക്കുന്ന മത്സ്യത്തൊഴിലാളികളുടെ വലിയ ബോട്ടുകൾ, അതിൽ നിന്നും ജീവിതത്തിലേക്ക് വീണ്ടും കൈപിടിച്ച് തിരികെ കയറ്റപ്പെടുന്നവർ, അതിനിടയ്ക്ക് ചീറിപ്പായുന്ന ആമ്പുലൻസുകൾ, ഭക്ഷണവും മരുന്നും വസ്ത്രങ്ങളുമായി പായുന്ന മറ്റനേകം വാഹനങ്ങളും. വഴികാട്ടികളായും ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിക്കുവാനുമായി നിസ്വാർത്ഥ സേവനം ചെയ്യുന്ന വലിയൊരു കൂട്ടം മനുഷ്യരും. ആകെ വിറങ്ങലിച്ച് പോകുന്ന മനുഷ്യ ജീവിതം ഇന്നേവരെ അഭിമുഖീകരിക്കാത്ത ദുരന്തകാഴ്ച്ചകൾ!</br>

അവിടെ എത്തിയ ഒരു ബോട്ടിൽ കയറി ചേച്ചീനേം കുടുംബത്തിനേം അന്വേഷിച്ച് യാത്ര ആയി. എങ്ങിനെയൊക്കെയോ അവിടെ എത്തിയപ്പോൾ പല വീടുകൾക്ക് മുകളിലും വിശന്ന് തളർന്ന് ഒറ്റപ്പെട്ട് പോയ മനുഷ്യർ. ചേച്ചിയൊക്കെ സുരക്ഷിതരാണെന്ന് മെസേജയയച്ച വീട്ടിലെത്തി. താഴത്തെ നിലയിൽ ഒരടി വെള്ളമായിട്ടുള്ളു എന്ന് ഞങ്ങളെ സമാധാനിപ്പിക്കാൻ സന്ദേശമയച്ചതാണെന്ന് മനസിലായി. മുകളിൽ നിന്നും താഴേക്ക് വന്നവർക്ക് കഴുത്തൊപ്പം വെള്ളം, പുറക് വശത്തെ തോട്ടിൽ നിന്നും വീടിനകത്ത് കൂടി അതിശക്തമായ കുത്തൊഴുക്ക്. വളരെ പ്രയാസപ്പെട്ട് ഇവരെ ബോട്ടിൽ കയറ്റി. അവിടെ ഉണ്ടായിരുന്ന പലരെയും കയറ്റി പോന്നു. വഴിയിലൊക്കെ വൻ മരങ്ങളും ഇലക്ട്രിക്ക് പോസ്റ്റുകളും മറിഞ്ഞ് വീണിരിക്കുന്നു. ഇവർ ആ വീട്ടിലിരുന്നപ്പോൾ രക്ഷിക്കാൻ വന്ന ബോട്ടുകളിൽ മുൻവശത്തെ വീടുകളിൽ നിന്നും ആളുകളെ കൊണ്ട് പോയിട്ടും ഇവരെ കൊണ്ടുപോകാൻ ആരും വരാതായപ്പോൾ വെള്ളം ഉയർന്ന് കൊണ്ടിരുന്ന തലേ രാത്രിയിൽ വേദനയില്ലാതെ മരിക്കണേ എന്ന പ്രാർത്ഥനയിലായിരുന്നത്രെ അവർ. മൂത്തകുന്നത്തെത്താറായപ്പോൾ ഗോതുരുത്ത് പുഴ മുറിച്ച് കടന്നപ്പോൾ കടലിലെയെന്ന പോലെ ഓളവും അടിയൊഴുക്കും. ബോട്ട് തിരമാലകൾക്ക് മുകളിലൂടെ എന്നോണം ആടിയുലഞ്ഞ് മുന്നോട്ട് പോയി. വീണ്ടും മരണത്തെ മുഖാമുഖം കണ്ട സമയം. ഒരു വിധം പുഴ കടന്നപ്പോൾ ഞാൻ ചിന്തിച്ചു, എത്രയോ ആയിരങ്ങൾ ഈ ഓളങ്ങളെ മറികടന്ന് ഇവിടെ എത്തിയിട്ടുണ്ട്. മൂത്തകുന്നത്ത് വീണ്ടുമെത്തിയപ്പോൾ മാല്യങ്കര റോഡിൽ വെള്ളം കൂടിയതിനാൽ ലോറികൾ ഓഫ് ആയിപ്പോകുന്നതിനാൽ ലോറികൾ ഓട്ടം നിറുത്തി. പള്ളിപ്പുറത്തെത്താൻ ആകെയുള്ള വഴി ഈ വെള്ളത്തിലൂടെ നീന്തുക മാത്രം. കൂടെ 85 വയസുള്ള അമ്മച്ചിയും. കൊടുങ്ങല്ലൂരിലെ ഏതെങ്കിലും ദുരിതാശ്വാസ ക്യാമ്പിലേക്ക് പോവേണ്ടി വരുമോ എന്നായി ചിന്ത. അതിനിടയിൽ ഒരു വള്ളമെത്തി. മാല്യങ്കര SNM കോളേജിലെ ക്യാമ്പിൽ മരിച്ച ആളുടെ മൃതശരീരം കൊണ്ടുവരാൻ പോകുന്ന വള്ളമായിരുന്നു അത്. ആ വള്ളത്തിൽ സ്ത്രീകളെയും കുട്ടികളെയും മാത്രമായി കയറ്റി ബാക്കിയുള്ളവരെല്ലാവരും കൂടി വള്ളത്തിനെ തള്ളി കൊണ്ട് യാത്ര ആരംഭിച്ചു. വഞ്ചിയിൽ പിടിച്ച് നടക്കുകയായിരുന്നു എന്ന് പറയാനാ പറ്റില്ല..എല്ലാവരുടെയും തള്ളൽ കാരണം പാഞ്ഞ് പോകുന്ന വള്ളത്തിനോടൊപ്പം അക്ഷരാർത്ഥത്തിൽ ഓടുകയായിരുന്നു. അരയ്ക്കും മുട്ടിനൊപ്പവുമുള്ള വെള്ളത്തിലൂടെ ഇത്ര വേഗം നീങ്ങാൻ കാരണമായത് വഞ്ചിയിലിരിക്കുന്ന നമ്മുടെ ഉറ്റവരാണ്. തളർന്ന് നിന്ന് പോയാൽ നാം വള്ളത്തിൽ നിന്ന് വിട്ട് പോകും. ഇടയിൽ വരുന്ന ചെറു പാലങ്ങൾ എത്തുമ്പോൾ എല്ലാവരും ഇറങ്ങി വള്ളം പൊക്കി മറുകരയിലെത്തി വീണ്ടും വള്ളത്തിലും വെള്ളത്തിലുമായി ഓട്ടം. വള്ളത്തിലെ യാത്ര കോളേജിൽ അവസാനിച്ചു. വേറെ വഴിയില്ലാത്തതിനാൽ അമ്മച്ചിയടക്കം വെള്ളത്തിലൂടെ യാത്ര തുടങ്ങി. പ്രായമായ അമ്മച്ചിയെ കണ്ടതും

ചെറുവഞ്ചിയിൽ ഒരു കരയിലേക്ക് പോയിരുന്നവർ വെള്ളത്തിലൂടെ നടക്കാൻ തീരുമാനിച്ചു. ആ വഞ്ചിയിൽ അമ്മച്ചിയെ മാത്രമിരുത്തി വീണ്ടും വെള്ളത്തിലൂടെ നടപ്പാരംഭിച്ചു. അതിനിടയിൽ ഒരു മീൻ വണ്ടി കിട്ടി അതിൽ കയറി. റോഡരികിലെ ഏതോ പുരപ്പുറത്ത് നിന്ന് ശ്വാസം മുട്ടി മരണവെപ്രാളം കാട്ടുന്ന ഒരാളെ കൂടി കസേരയിൽ മീൻ വണ്ടിയുടെ പുറകിൽ ഇരുത്തി അയാളുടെ മരണവെപ്രാളവുമായപ്പൊ മീൻ വണ്ടി ഒരാമ്പുലൻസ് പോലെ ലൈറ്റിട്ട് ഹോൺ മുഴക്കി ചീറി പാഞ്ഞു. നിമിഷ നേരം കൊണ്ട് മാല്യങ്കരയിലെത്തി. അവിടെ തയ്യാറാക്കി നിർത്തിയിരുന്ന ആമ്പുലൻസിലേക്ക് അവരെ കയറ്റി. ഞങ്ങൾ അവിടെ ഇറങ്ങി പള്ളിപ്പുറത്തേക്ക് നടന്നു. വൈകുന്നേരം 6.30 തിരികെ സിപ്പി അങ്കിളിന്റെ വീട്ടിലെത്തിയപ്പോൾ വരാന്തയിലേക്ക് കയറാൻ വെമ്പി നിൽക്കുന്ന വെള്ളത്തിനടുത്ത് ഞങ്ങളെ കാത്ത് നിൽക്കുന്ന ബന്ധുക്കൾ! തിരികെ വരുമെന്ന പ്രതീക്ഷയിൽ മാത്രം വിറങ്ങലിച്ച് നിൽക്കുന്നവർ...


# മനസ്സ്

ഓർമ്മകൾ വിരിയും നേരം
താളിൽ കോറിയിട്ടും ചിന്തകൾ
ഓർമ്മകൾ കൊഴിയും കാലം
മറിയുന്ന മറയുന്ന ഏടുകൾ

മനസ്സിനാനന്ദം പോൽ വരും
മറവി എന്നോരനുഗ്രഹം
ഈ നാളും ഉണ്ടായ ജീവിതം
ചുരുങ്ങീടും ഒരു നിമിഷമായി

പാഞ്ഞുപോകിട്ടും ദിനങ്ങൾ
ആരെയോ നോക്കിട്ടും പ്രകൃതിയും
എല്ലാം പിന്നിട്ടും ഈ മോഹനം
കൊഴിഞ്ഞിട്ടും നേരം ഏറെയില്ലാതെ

ഇന്ന് നീ എൻ മനക്കണ്ണിലെ
നേർത്ത രൂപമായി മാറവേ
സുന്ദരമാം നിൻ വദനം
അന്യമാവുമോ എൻ മനസ്സിന്



ചിത്രരചന :

ഷെമീമ 9 D



# എന്റെ വിദ്യാലയം

ഓർക്കുന്നു ഞാനിപ്പോഴും
എന്നാത്മാവാം വിദ്യാലയത്തെ
ഓർക്കുന്നു ഞാനിപ്പോഴുമെൻ
വന്ദ്യരാം ഗുരുക്കന്മാരെ

അന്ന് ഞാൻ വിദ്യ അർത്ഥിപ്പതെങ്കിൽ
ഇന്ന് ഞാൻ വിദ്യ പകർന്നീടുന്നു
എന്നിട്ടുമെന്തേ എന്നന്തരാത്മാവ്
വിങ്ങുന്നു വിതുമ്പുന്നു
നിന്നെയോർത്ത്

കാലങ്ങൾക്കിപ്പുറമെന്തേ നിൻ മക്കൾ
കൂവിയർക്കുന്നു കുപിതരാകുന്നു
അറിയുന്നിലീ പൈതങ്ങൾ നിൻ
പ്രാണനിൽ പടുത്തുയർത്തും ജീവിതം

അറിയുമ്പോഴേക്കും നീ
അവർക്കന്യയായ് തീർന്നീടും
എങ്കിലുമമ്മേ എണ്ണമില്ല പൈതങ്ങൾ
നിൻ മടിത്തട്ടിൽ കളിച്ചു
വളർന്നീടുമിപ്പോഴും
ഓർക്കുന്നു ഞാനാ സുവർണകാലം

നിൻ കീർത്തിക്കാധാരമാം
കേസരികളെയും
ഒരു മലയിലെ മുത്തെന്നപോൽ
വിരാജിച്ചിരുന്നു ഞങ്ങളൊക്കെയും

പെട്ടെന്നെതിയൊരു ചുഴലികാറ്റിനാൽ
ചിതറിയോടി നാലുപാടും
നിന്നെ വിട്ടകന്നനേരം
വിണ്ടുകീറിയെൻമാനസം
വിധിതൻ പ്രഹരങ്ങൾ
തേടിയെത്തി പിന്നെയും

ഒടുവിൽ ഞാൻ
നിന്നടുത്തെത്തിയപ്പോൾ
അറിയുന്നിതാ ചങ്കിൽ വേദന
എങ്കിലുമമ്മേ നമുക്കാശിക്കാം
ആ നല്ല നാളെക്കായി കാത്തിരിക്കാം

# മഹത് വചനങ്ങൾ

"വിദ്യാഭ്യാസം ഒരു നാണയ മാണ് . അതിന്റെ ഒരുവശം പ്രവൃത്തിയും മറുവശം ജ്ഞാനത്തെയും കാണിക്കുന്നു "

**ടാഗോർ**

"ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നവനല്ല, വിഷമമുള്ള ചോദ്യങ്ങൾ ചോദിക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നവനാണ് ഉത്തമ അധ്യാപകൻ"

**ആലിസ് വില്ലിങ്ടൺ**

"അസാധ്യമെന്നതു മടിയന്മാരുടെ മാത്രം നിഘണ്ടുവിൽ കാണുന്ന പദമാണ്

**നെപ്പോളിയൻ**

"ക്ഷമയാണ് ഏറ്റവും വലിയ പ്രാർത്ഥന "

**ശ്രീ ബുദ്ധൻ**

"ദരിദ്രർക്ക് വേണ്ടത് അനുകമ്പയും ദയയുമല്ല, സ്നേഹവും ആശ്വാസവുമാണ് "-

**മദർ തെരേസ**

"നിങ്ങൾക്ക് വിജയം വേണമെങ്കിൽ സ്ഥിരപരിശ്രമത്തെ ആത്മമിത്രമായും അനുഭവത്തെ ഉപദേശിയായും മുൻകരുതലിനെ ജ്യേഷ്ഠനായും മഹത്വത്തെ രക്ഷിതാവായും ഗണിക്കണം

**എഡിസൺ**


മഷിത്തണ്ട്
എഴുത്ത് സ്ലേറ്റിലെ വരകൾ
മാച്ചിടുമൊരു നീർത്തണ്ട് പോൽ
എൻ മനതാരിലെ വരകൾ
തുടക്കുമെൻ പ്രിയ മഷിത്തണ്ട് നീ.
സ്വയമേ നീർ വറ്റി വലഞ്ഞാലും
പ്രിയനായ് നീർ കാക്കും പ്രണയിനി
കാലത്തിൻ യവനികക്കപ്പുറം നീ
എന്നിലൊപ്പമലിയും, ഒപ്പമൊഴുകും
എന്നുമൊന്നായ്, സ്നേഹമായ്...
ഒരു മഷിത്തണ്ടായെൻ ജീവനിൽ...
പിക്കു

# വാർഷികങ്ങൾ

ആര്യ സി ഡി 8 ബി

ഒരു (1) വർഷം – കോട്ടൺ ജൂബിലി
രണ്ട് (2) വർഷം – പേപ്പർ ജൂബിലി
മൂന്ന് (3) വർഷം – തുകൽ ജൂബിലി
നാല് (4) വർഷം – പുഷ്പ/ഫല ജൂബിലി
അഞ്ച് (5) വർഷം – വുഡൻ ജൂബിലി
ആറ് (6) വർഷം – ഇരുമ്പ് ജൂബിലി
ഏഴ് (7) വർഷം – കമ്പിളി
എട്ട് (8) വർഷം – വെങ്കല ജൂബിലി
ഒമ്പത് (9) വർഷം – കോപ്പർ ജൂബിലി
പത്ത് (10) വർഷം – ടിൻ/അലൂമിനിയം ജൂബിലി
പതിനൊന്ന് (11) വർഷം – സ്റ്റീൽ ജൂബിലി
പന്ത്രണ്ട് (12) വർഷം – സിൽക്ക് ആൻഡ് ഫൈൻ ലിനൻ ജൂബിലി
പതിമൂന്ന് (13) വർഷം – ലേസ് ജൂബിലി
പതിനാല് (14) വർഷം – ഐവറി ജൂബിലി
പതിനഞ്ച് (15) വർഷം – ക്രിസ്റ്റൽ ജൂബിലി
ഇരുപത് (20) വർഷം – ചൈന/പോർസലൈൻ ജൂബിലി
ഇരുപത്തിയഞ്ച് (25) വർഷം – സിൽവർ ജൂബിലി
മുപ്പത് (30) വർഷം – പേൾ ജൂബിലി
മുപ്പത്തിയഞ്ച് (35) വർഷം – പവിഴ ജൂബിലി
നാൽപ്പത് (40) വർഷം – റൂബി ജൂബിലി
നാൽപ്പത്തിയഞ്ച് (45) വർഷം – നീലക്കല്ല്
അമ്പത് (50) വർഷം – സുവർണ്ണ ജൂബിലി
അമ്പത്തിയഞ്ച് (55) വർഷം – എമറാൾഡ് ജൂബിലി
അറുപത് (60) വർഷം – വജ്രജൂബിലി

രജതജൂബിലി, 25–ാം വാർഷികം
സുവർണ്ണ ജൂബിലി, 50–ാം വാർഷികം
വജ്രജൂബിലി, 60–ാം അല്ലെങ്കിൽ 75–ാം വാർഷികം
പ്ലാറ്റിനം ജൂബിലി, 70–ാം അല്ലെങ്കിൽ 75–ാം വാർഷികം
ടൈറ്റാനിയം ജൂബിലി, 75–ാം അല്ലെങ്കിൽ 100–ാം വാർഷികം

## കൊടുങ്ങല്ലൂർ ഉപജില്ല കലോത്സവം

# ഓവറോൾ രണ്ടാം സ്ഥാനം കെകെടിഎമ്മിന്



അഴീക്കോട്: നവംബർ 15 മുതൽ 18 വരെ അഴീക്കോട് സീതി സാ ഹിബ് മെമ്മോറിയൽ ഹയർസെക്കൻഡറി സ്കൂളിൽ വച്ച് നടന്ന ഉപജില്ല സ്കൂൾ കലോത്സവത്തിൽ ഓവറോൾ രണ്ടാം സ്ഥാനം കെ കെ ടി എം ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് ലഭിച്ചു 68 ഓളം വിദ്യാലയങ്ങൾ പങ്കെ ടുത്ത കലാ മാമാങ്കത്തി ലാണ് കെ കെ ടി എമ്മിലെ പെൺകുട്ടികൾ പ്രതിഭ തെളിയിച്ചത്. യുപി ജനറൽ വിഭാഗത്തിൽ 67 പോയിന്റും ഹൈസ്കൂൾ ജനറൽ വിഭാഗത്തിൽ 137 പോയിന്റും ഹയർസെക്കൻഡറി ജനറൽ വിഭാഗത്തിൽ 125 പോയിന്റുമാണ് സ്കൂൾ നേടിയത് സംസ്കൃതം അറബി വിഭാഗങ്ങളിൽ നേടിയ പോയിന്റുകളും കൂട്ടിച്ചേർത്ത് ആകെ 544 പോയിന്റുകൾ നേടിയാണ് ഓവറോൾ രണ്ടാം സ്ഥാനം കരസ്ഥമാക്കിയത്. ആൺ പെൺ കുട്ടികൾ പഠിക്കുന്ന മറ്റ് എയിഡഡ് ഗവൺമെൻറ് വിദ്യാലയങ്ങളെ പിന്തള്ളിയാണ് 5 മുതൽ 12 വരെ പെൺകുട്ടികൾ മാത്രം പഠിക്കുന്ന ഈ വിദ്യാ ലയം വർഷങ്ങളായി ഓവറോൾ രണ്ടാം സ്ഥാനം നിലനിർത്തു ന്നത്. യുപി വിഭാഗ ത്തിൽ മത്സരിച്ച് പോയിൻറ് നേടിയ വിദ്യാർത്ഥികൾ പദ്യം ചൊല്ലൽ മലയാളം ഗായത്രി ടി രാജീവ്, പദ്യം ചൊല്ലൽ ഇംഗ്ലീഷ് അരുണിമ സുരേഷ് കെഎസ് പദ്യം ചൊല്ലൽ അറ ബിക് ഫൈഹ കെ എ പദ്യം ചൊല്ലൽ ഹിന്ദി അനാമിക ഇ എ ലളിതഗാനം റിയാ സോണി മാപ്പിളപ്പാട്ട് ഇബ്തിസം നാടോടി നൃത്തം ആരാധ്യ പി എൽ, ചിത്രരചന പെൻസിൽ ഗായത്രി കെ എൻ ഭരതനാട്യം കൃഷ്ണപ്രിയ പി എസ് കുച്ചുപ്പുടി ഗൗരി നന്ദ കെ എസ് മോണോ ആക്ട് ആത്മനിസ പി എസ് സംഘഗാനം റിയാ സോണി ദേശഭക്തിഗാനം റിയാസോണി നാടകം ശ്രീലക്ഷ്മി കെ ജി പദ്യം ചൊല്ലൽ കന്നഡ ഗൗരി നന്ദന പി ജി.

# ഉപജില്ലാ ശാസ്ത്രോത്സവം മികവ് തെളിയിച്ച് ടീം കെകെടിഎം

കൊടുങ്ങല്ലൂർ: ഉപജില്ല ശാസ്ത്രമേള ഒക്ടോബർ 30,31 തീയതികളിലായി പി ബി എം ജി എച്ച് എസ് സ്കൂളിൽ വച്ച് നടന്നു. സ്കൂൾ തല ശാസ്ത്രമേളയിൽ മികച്ച പ്രകടനം കാഴ്ചവെച്ച വരെയാണ് ഉപജില്ല മേളയിൽ പങ്കെടുപ്പിക്കുന്നത് കെ. ടി. എം ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും 44 കുട്ടികളും യുപി വിഭാഗത്തിൽ നിന്നും 30 കുട്ടികളും പങ്കെടുത്തിരുന്നു. വിജയിച്ച കുട്ടികളുടെ പേര് ഇനം തിരിച്ച് താഴെ നൽകുന്നു.



**സയൻസ് മേള-** യുപി -106- വർക്കിംഗ് മോഡൽ - സായൂജ്യ - 3rd - ബി ഗ്രേഡ്, 107- സ്റ്റിൽ മോഡൽ - ബി ഗ്രേഡ്, 108 - റിസർച്ച് പ്രോജക്ട് - ആദിലക്ഷ്മി & ശ്രീപാർവതി - ബി ഗ്രേഡ്, 109 - ഇംപ്രൊവൈസ്ഡ് എക്സ്പിരിമെന്റ് - ഗൗരി പാർവ്വതി - സി ഗ്രേഡ്, ഹൈസ്കൂൾ വിഭാഗം.-115- വർ ക്കിംഗ് മോഡൽ - നേഹ ലക്ഷ്മി - സി ഗ്രേഡ്. 116- സ്റ്റിൽ മോഡൽ - ലക്ഷ്മി ഇ ജി- എ ഗ്രേഡ്, 118- ഇംപ്രൊവൈ സ്ഡ് എക്സ്പിരിമെന്റ് - അഭിരാമി പി ആർ - ബി ഗ്രേഡ്,120 - ടാലന്റ് സെർച്ച് എക്സാം. ഫിദ റയാൻ - ബി ഗ്രേഡ്. 123 - സയൻസ് മാഗസിൻ - 1 - എ ഗ്രേഡ്.

**ഗണിത ശാസ്ത്ര മേള-** യുപി-142- നമ്പർ ചാർട്ട് - അതുല്യ എം എസ് - ബി ഗ്രേഡ്,143 - ജ്യോമട്രിക്കൽ ചാർട്ട് - ഗായത്രി കെ എൻ - 3rd എ ഗ്രേഡ്,144 - സ്റ്റിൽ മോഡൽ - ഷിഫ നസ്റിൻ - ബി ഗ്രേഡ്, 423 - ഗെയിം - ശിവാനി സി എ - സി ഗ്രേഡ്, ഹൈസ്കൂൾ-152 - നമ്പർ ചാർട്ട് - വിഭ ബിജു - ബി ഗ്രേഡ്, 156- വർക്കിംഗ് മോഡൽ - കൃഷ്ണാഞ്ജലി കെ എസ് - 3rd ബി ഗ്രേഡ്, 159- പസിൽ - ദേവിക പി എ- ബി ഗ്രേഡ്, 162 - ഗ്രൂപ്പ് പ്രോജക്ട് - ദിയ ഡെൻസ് - 3rd എ ഗ്രേഡ് **സോഷ്യൽ സയൻസ് മേള** -യുപി -190-വർക്കിംഗ് മോഡ ൽ - ആദ്യലക്ഷ്മി - 1st - എ ഗ്രേഡ്,191- സ്റ്റിൽ മോഡൽ - ദേവനന്ദ പി വി - 1st - എ ഗ്രേഡ്,192 - എലകൃഷൻ - അശ്വതി വി സതീശൻ - സി ഗ്രേഡ്, ഹൈസ്കൂൾ- 199 - വർക്കിംഗ് മോഡൽ - റിസ്‌വാന ഫാത്തിമ - സി ഗ്രേഡ്,
200 - സ്റ്റിൽ മോഡൽ - അഫ്ന ഫാത്തിമ ടി എസ് - 1st എ ഗ്രേഡ്, 201- ലോക്കൽ ഹിസ്റ്ററി രചന - ആത്മിക ഷോമി - ബി ഗ്രേഡ്, 202- എലകൃഷൻ - പാർവ്വതി വി. ചന്ദ്ര- ബി ഗ്രേഡ്,

**പ്രവർത്തി പരിചയ മേള** യുപി- 252- ബീഡ്സ് വർക്ക് - മിസ്ന ഖദീജ - ബി ഗ്രേഡ്, 258- ഫാബ്രിക് പെയിന്റിംഗ് - ലാസിമ തസ്നീം - സി ഗ്രേഡ്, 259 - ഫാബ്രിക് പെയിന്റിംഗ് യൂസിംഗ് വെജിറ്റബിൾസ്- നശ്‌വ കെ നിഹാസ് - എ ഗ്രേഡ്, 260 - മെറ്റൽ എൻഗ്രാവിംഗ് - ശ്രീബാല പി ബി- ബി ഗ്രേഡ്, 262- പാഴ് വസ്തുക്കൾ കൊണ്ടുള്ള പ്രോഡക്ടുകൾ - തീർത്ഥ തിലക് - എ ഗ്രേഡ്, 264 - പേപ്പർ ക്രാഫ്റ്റ് - ആയിഷ ടി എസ് - ബി ഗ്രേഡ്, 267- പ്രോഡക്ട്സ് യൂസിംഗ് കാർഡ് ആന്റ് സ്ട്രോ ബോർഡ് - അസ്വ ലക്ഷ്മി - 3rd ബി ഗ്രേഡ്, 271- സ്റ്റഫ്ഡ് ടോയ്സ് - അനാമിക പി ബി- 3rd എ ഗ്രേഡ്, ഹൈസ്കൂൾ- 282 - ബിഡ്സ് വർക്ക് - ശിഖ സി എസ്- എ ഗ്രേഡ്, 287- ഡോൾ നിർമ്മാണം - ഷെമീമ നസ്റിൻ - സി ഗ്രേഡ്, 288 - എ. ന്യൂ. ഫുഡ് & വെജിറ്റബിൾ ഫ്രൂട്ട് പ്രിസർവേഷൻ - മിഥില രാജ് - ബി ഗ്രേഡ്, 291- എബ്രോയ്ഡറി - അവന്തിക കെ വി - 1st എ ഗ്രേഡ്, 292- ഫാബ്രിക് പെയിന്റിംഗ് - സ്വാതി സതീഷ് - എ ഗ്രേഡ്, 293 - ഫാബ്രിക് പെയിന്റിംഗ് യൂസിംഗ് വെജിറ്റബിൾ- സങ്കീർത്തന പ്രിൻസ് - എ ഗ്രേഡ്, 297 - മെറ്റൽ എൻഗ്രാവിംഗ് - അരുന്ധതി ടി ജി - എ ഗ്രേഡ്, 299 - ചോക്ക് നിർമ്മാണം - ആയിഷാ ഫർസാന - 3rd ബി ഗ്രേഡ്, 300 - പേപ്പർ ക്രാഫ്റ്റ് - അലീന ജിപ്പൺ - ബി ഗ്രേഡ്, 307 - പാഴ് വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്നവ- ഫാത്തിമ കെ എം - ബി ഗ്രേഡ്.

**ഐ ടി മേള** -ഹൈസ്കൂൾ- 389 - ഡിജിറ്റൽ പെയിന്റിംഗ് - അന്ന ഷൈജൻ - ബി ഗ്രേഡ്, 392 - മലയാളം ടൈപ്പിംഗും രൂപകൽപ്പനയും- - ലിസാന കെ ടി - 2nd എ ഗ്രേഡ്, 394 - ഐ ടി ക്വിസ് - സഫ സഫീർ - 3rd ബി ഗ്രേഡ്, 425 - ആനിമേഷൻ - സഹ്റ പി ആർ - സി ഗ്രേഡ്.

എല്ലാ മേളകളിലുമായി 330 പോയന്റുകൾ നേടി മികവ് തെളിയിച്ച എല്ലാ വിദ്യാർത്ഥികളെയും അതിനുവേണ്ടി പ്രയത്നിച്ച അധ്യാപകരെയും പ്രധാനാധ്യാപിക ഷൈനി ആന്റോ അഭിനന്ദിച്ചു.

## ഹൈസ്കൂൾ വിഭാഗം മികച്ച പിടിഎ

# സംസ്ഥാന അവാർഡ് തിളക്കത്തിൽ കെകെടിഎം

കൊടുങ്ങല്ലൂർ: സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ മികച്ച പിടിഎക്കുള്ള കേരള സ്റ്റേറ്റ് പ്യാരന്റ്സ് ടീച്ചേഴ്സ് അസ്സോ സിയേഷൻ നൽകുന്ന പുര സ്കാരം കുഞ്ഞിക്കുട്ടി തമ്പുരാ ട്ടി മെമ്മോറിയൽ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന് ല ഭിച്ചു. തൃശ്ശൂർ സാഹിത്യ അ ക്കാദമി ഹാളിൽ വച്ച് നടന്ന ചടങ്ങിൽ പി വി കൃഷ്ണൻനാ യർ പുരസ്കാരം സമ്മാനിച്ചു. പി ടി എ പ്രസിഡൻ്റ് നവാസ് പടുവിങ്കൽ, ഫസ്റ്റ് അസിസ്റ്റൻ്റ് വി എ ശ്രീലത, പി ബി രഘു, സിനി സെൽ വരാജ്, നെജീബ് ഷാഹുൽ ഹമീദ്, ഒ എസ് ഷൈൻ, എസ് നിലീന, നിമ്മി മേപ്പു റത്ത് എന്നിവർ സന്നിഹിതരായിരുന്നു.

2023ലെ മികച്ച പ്രവർത്തനങ്ങളാണ് ഈ അവാർഡിന് അർഹമാവാൻ പിടിഎക്ക് സാധിച്ചത്. അധ്യയന വർ ഷത്തിന്റെ വലിയൊരു ഭാഗം പിന്നിട്ടപ്പോഴാണ് പുതിയ പിടിഎ വന്നതെങ്കിലും കുറഞ്ഞ സമയം കൊണ്ട് മികച്ച പ്രവർത്തനം കാഴ്ചവെക്കാൻ നവാസ് പടുവിങ്കൽ പ്രസിഡണ്ടായ പിടിഎ കമ്മിറ്റിക്ക് സാധിച്ചു. വിദ്യാല യത്തിൽ പിടിഎയു ടെ നേതൃത്വത്തിൽ നടത്തിയ പാഠ്യ -പാഠ്യേതര മികവു കൾക്ക് ലഭിച്ച അംഗീകാരമാണ് ഈ അവാ ർഡ്. മികച്ച അക്കാദമിക പ്രവർത്തന ങ്ങളോടൊ പ്പം കലാ കായിക മേഖലയിലും മികവ് പുലർത്തുന്ന വിദ്യാ ലയം, ഉപ ജില്ല കലോത്സ വത്തിൽ ഈ വർഷവും ഓ വറോൾ പോ യിന്റി ൽ രണ്ടാം സ്ഥാ നം നിലനിർത്തി.






# മികച്ച വാർത്തവായനക്കാരാവാൻ വാർത്താപെട്ടി

പ്രൊഫഷണൽ വാർത്താചാനലിന്റെ മികവോടെയാണ് വിദ്യാലയത്തിനായി നടത്തുന്ന യൂറ്റൂബ് ചാനലിൽ വാർത്താപ്പെട്ടി എന്ന പേരിൽ സ്കൂൾ വാർത്ത പരിപാടി സംപ്രേക്ഷണം ചെയ്യുന്നത്. നേരത്തേ തന്നെ സ്ക്രീനിംഗ് നടത്തി കണ്ടെത്തിയിരിക്കുന്ന കുട്ടികളെ വാർത്തവായനക്കാരാക്കിയാണ് വാർത്താപ്പെട്ടിയുടെ പ്രവർത്തനം. അക്ഷരസ്ഫുടതയോടെ, ഒരു പ്രൊഫഷണൽ വാർത്താ വായനക്കാരിയെ പോലെ നമ്മുടെ കുട്ടികൾ വാർത്ത വായിക്കുന്നു. ഈ പരിശീലനം ഭാവിയിൽ ഒരു മുതൽക്കൂട്ടാവും എന്ന കാര്യത്തിൽ സംശയമില്ല.


Varthappetti | 18/11/2020 |


Varthapetti | 23/11/2020 |



Varthapetti | 29/11/2020 |



Varthapetti | 07/12/2020 |


Varthapetti | 14/12/2020 |


Varthapetti | 22/12/2020 |


Varthapetti | 07/02/2021 |


Varthapetti | 15/05/2021 |


Varthapetti | 30/08/2021 |


Varthapetti@06/09/2021 |


New building inauguration |



Varthapetti@09/12/2021 |

**വാർത്ത കാണുവാൻ ചിത്രത്തിൽ തൊടുക**

# റേഡിയോ പോഡ്കാസ്റ്റ്


കൊടുങ്ങല്ലൂർ: കുഞ്ഞിക്കുട്ടി തമ്പുരാട്ടി ഗവൺമെന്റ് ഗേൾസ് സ്കൂളിന്റെ പുതിയ ഓൺലൈൻ സംരംഭമായ റേഡിയോ പോഡ്കാസ്റ്റ് ആരംഭിച്ചു. റേഡിയോ ഗേൾസ് എന്ന പേരിൽ ആരംഭിച്ച ഈ പോഡ്കാസ്റ്റ് നടത്തുന്നത് കുട്ടികളാണ്. സാങ്കേതിക സഹായത്തിനും മറ്റുമായി ലിറ്റിൽ കൈറ്റ്സ്, മീഡിയ ക്ലബ് അംഗങ്ങൾ എന്നിവരുടെ സഹായം കൂടി പോഡ്കാസ്റ്റിന് ലഭിക്കുന്നു. കുട്ടികളുടെ കലാപരമായ കഴിവുകൾ കണ്ടെത്തുന്നതിനും കൂടുത ൽ അവസരങ്ങൾ നൽകി അവരെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി യാണ് ഈ പുതിയ സംരംഭം ആരംഭിച്ചത്. സ്പോർട്ടിഫൈ പ്ലാറ്റ് ഫോമിൽ ആരംഭിച്ച പോഡ്കാസ്റ്റിൽ എല്ലാ തിങ്കളാഴ്ചയും ഉച്ചയ്ക്ക് ഒരു മണിക്കാണ് പ്രോഗ്രാം ലഭ്യമാകുന്നത്. നേരത്തെ തയ്യാറാക്കിയ പരിപാടി കൾ മണ്ടേ ലഞ്ച് വിത്ത് ഗേൾസ് എന്ന പേരിലാണ് സംപ്രേക്ഷണം ചെയ്യുന്നത്. കൂടാതെ സ്കൂൾ ഉച്ചഭാ ഷിണിയിലൂടെ കേൾപ്പിക്കുകയും ചെയ്യുന്നു. ഉച്ചഭക്ഷണ ഇടവേളകളിൽ പരിപാടികൾ ആസ്വദിക്കുവാൻ കുട്ടികൾക്ക് സാധിക്കുന്നു. റേഡിയോ ഗേൾസിനെ കുറിച്ച് കുട്ടികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിക്കുന്നത് എന്ന് പോഡ്കാസ്റ്റ് കോർഡിനേറ്റർ അരുൺ പീറ്റർ പറഞ്ഞു.








**റേഡിയോ കേൾക്കുവാൻ ചിത്രത്തിൽ തൊടുക**



നമുക്ക് ചുറ്റുമുള്ള ലോകം ഇന്ന് കണ്ണടച്ച് തുറക്കും മുമ്പ് പുതുമയെ പഴമയാക്കി പാഞ്ഞു കൊണ്ടിരിക്കുകയാണ്. എവിടെ നോക്കിയാലും അതിന്റെ പ്രതിബിംബങ്ങൾ കാണാം. കുതിക്കുന്ന ലോകത്തോടൊപ്പം ഓടണമെങ്കിൽ ആദ്യം നമ്മുടെ ചുറ്റുപാടുകളെക്കുറിച്ച് നാം അറിവുള്ളവരാവണം. മിഡിയ ക്ലബിലൂടെ ഇറങ്ങുന്ന 'എന്റെ പത്ര'മായ 'കണ്ണാടി'യിൽ കാണുന്നത് കുഞ്ഞിക്കുട്ടി തമ്പുരാട്ടി മെമ്മോറിയൽ ഗവ ഗേൾസ് സ്കൂളിന്റെ ഹൃദയമിടിപ്പാണ്, ശ്വാസോച്ഛ്വാസമാണ്. ഈ പത്രത്താളുകളിൽ വെറും അക്ഷരങ്ങളല്ല, മറിച്ച് ഇവിടുത്തെ അനുഭവങ്ങളും ഓർമ്മകളുമാണ്. സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിലേക്കും സ്കൂളിന്റെ പുറം ലോകത്തിലേക്കും എത്തിക്കുക, സ്കൂളിനെ കുറിച്ചും ഇവിടെ നടക്കുന്ന പ്രവർത്തനങ്ങളെ കുറിച്ചും ഒരു വ്യക്തമായ കാഴ്ചപ്പാട് വളർത്തിയെടുക്കുക എന്നിങ്ങനെയുള്ള ചിന്തകളാണ് ഇ-പത്രമെന്ന പുതിയ കാൽവെപ്പിന് കാരണമായത്. ഈ കണ്ണാടിയിലൂടെ കെ കെ ടിഎം ജി ജി എച്ച് എസ് എസ് എന്ന സ്വപ്ന ലോകത്തിലേക്ക്കടന്നുചെല്ലാം. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ സ്കൂൾ മിഡിയ ക്ലബിലെ കുട്ടി പത്ര പ്രവർത്തകരുടെ പ്രയത്നത്തിന്റെ ഫലമായ ഈ - കണ്ണാടി പ്രകാശം പ്രതിഫലിപ്പിക്കട്ടെ... എന്നും...

കെ കെ ടി എം ജി ജി എച്ച് എസ് എസ് കൊടുങ്ങല്ലൂരിന്റെ ഇ-പത്രമായ 'എന്റെ പത്രം -കണ്ണാടി' വായിക്കാൻ മുകളിലെ ചിത്രത്തിൽ തൊടുക


മഴവില്ല് ന്റെ തുടക്കം മുതൽ
ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന
പ്രധാനാധ്യാപിക ഷൈനി ആന്റോ,
കൈറ്റ് അദ്ധ്യാപകരായ അരുൺ പീറ്റർ,
പി പി മണി,
മറ്റ് അധ്യാപകർ
ഏവരേയും നന്ദിയോടെ ഓർക്കുന്നു.